# ബഥേൽ പത്രിക

Since 1987
ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം
ഒക്ടോബർ 2023
വാല്യം 35 ലക്കം 10






# Renju & Sony

S/O Mr.RAJAN PADIYARA &
JESSY PADIYARA
442 Hendrix street, Philadelphia
(Padiyara House, Perissery P. O.
Chengannur, Kerala)

D/O Mr. THOMAS SAMUEL &
Mrs. ANNAMMA SAMUEL
300 Sierra vista Lane, Nanuet, NY
Elikkkattoor Puthenveedu,
Elikkattoor, Kerala.

At. St. Thomas Orthodox Cathedral, Kollam
On Monday 16th October 2023

എഡിറ്റോറിയൽ

# അഴിമതിയുടെ സംസ്ക്കാരം

റവ. ഫാ. മാത്യു വർഗ്ഗീസ് പുളിമൂട്ടിൽ

എന്തുകൊണ്ടാണ് ഇന്ത്യക്കാർ അഴിമതി നടത്തുന്നത്? അവരുടെ മനോഭാവത്തിൽ എന്താണ് തെറ്റ്? ന്യൂസിലാന്റിൽ നടത്തിയ ഒരു പഠന റിപ്പോർട്ട് ലേഖനത്തിൽ പറയുന്നത്.

ഇന്ത്യക്കാർ ഹോബ്സിയൻ ആണ് : (സ്വാർത്ഥ താല്പര്യമുള്ള ഒരു സംസ്കാരം) ഇന്ത്യയിലെ അഴിമതി ഒരു സാംസ്കാരിക വശമാണ്. ഇന്ത്യക്കാർ അഴിമതിയെക്കുറിച്ച് പ്രത്യേകമായി ദോഷം ഒന്നും ചിന്തിക്കുന്നില്ല. കാരണം അഴിമതി സ്വാഭാവിക കാര്യമായി പ്രചാരത്തിലുണ്ട്. അഴിമതിക്കാരെ തിരുത്തുന്നതിനേക്കാൾ അവരെ ഇന്ത്യക്കാർ സഹിക്കുന്നു. എന്തുകൊണ്ടാണ് ഇന്ത്യക്കാർ അഴിമതിക്കാരായത് എന്നറിയാൻ, അവരുടെ രീതികളും പ്രവൃത്തികളും നോക്കുക.

ഒന്നാമത്: മതം ഇന്ത്യയിൽ ഒരു ഇടപാടാണ്. ദൈവത്തിന് പണം നൽകുകയും പകരം പ്രതിഫലം പ്രതീക്ഷിക്കുകയും ചെയ്യുന്ന ഒരു ഇടപാട്. അർഹതയില്ലാത്തവർ പോലും സഹായത്തിന് പണം കൊടുത്ത് ദൈവത്തോട് അപേക്ഷിക്കുന്നു. പള്ളിയുടെയും ക്ഷേത്രത്തിന്റെയും മതിലുകൾക്ക് പുറത്തുള്ള ലോകത്ത് അത്തരമൊരു ഇടപാടിന് ''കൈക്കൂലി'' എന്നാണ് പേര്. ഒരു സമ്പന്ന ഇന്ത്യക്കാരൻ ആരാധനാലയങ്ങൾക്ക് പണം മാത്രമല്ല, മറിച്ച് സ്വർണ്ണ കിരീടങ്ങളും രത്നമാലകളും നൽകുന്നു. അവന്റെ ദാനങ്ങൾ ദരിദ്രർക്കല്ല, മറിച്ച് അവന്റെ ദാനം ദൈവത്തിനുള്ളതാണ്.

ഇന്ത്യയിലെ ആരാധനാലയങ്ങളിൽ സമ്പത്ത് അടിഞ്ഞു കൂടുന്നു, കോടിക്കണക്കിനുള്ള സ്വത്തുക്കൾ ഉപയോഗശൂന്യമായി, അത് എന്തുചെയ്യണമെന്ന് അറിയാതെ നിലവറകളിൽ പൊടിപിടിച്ച് കിടക്കുന്നു. മതങ്ങൾ തമ്മിൽ സമ്പത്തുകളുടെ അളവ് തൂക്കിനോക്കുന്നു. കുറവുള്ളത് കൂട്ടാനായി കുതന്ത്രങ്ങൾ മെനയുന്നു. ഇത് തങ്ങളുടെ വിശ്വാസികളെ തമ്മിലടിപ്പിച്ചു കാര്യം നേടാൻ ഉപയോഗിക്കുന്നു. മതനേതാക്കൾ ഇതറിയുന്നു, അന്ധവിശ്വാസിയായ അനുയായികൾ അറിയുന്നുമില്ല. ചിന്താശേഷിയുള്ള, യൂറോപ്യർ ഇന്ത്യയിലെത്തിയപ്പോൾ അവർ സ്കൂളുകൾ പണിതു. എന്നാൽ ഇന്ത്യക്കാർ യൂറോപ്പിലേക്കും യു.എസ്.എ.യിലേക്കും പോകുമ്പോൾ അവർ അവിടെ ആരാധനാലയങ്ങൾ പണിയുന്നു. ദൈവം പോലും അനുഗ്രഹം കൊടുക്കുന്നതിനായി പണം സ്വീകരിക്കുന്നുവെങ്കിൽ, അതേപോലെ കാര്യം നേടുന്നതിൽ കൈക്കൂലി ഒരു തെറ്റല്ലെന്ന് ഇന്ത്യക്കാർ വിശ്വസിക്കുന്നു. ഇതിനാലാണ് ഇന്ത്യക്കാർ വളരെ എളുപ്പത്തിൽ ദുഷിപ്പിക്കപ്പെടുന്നത്.

തികച്ചും അഴിമതിക്കാരനായ ഒരു രാഷ്ട്രീയക്കാരനെ ജനം തള്ളിപ്പറയുന്നില്ല, മറിച്ച് അംഗീകരിച്ച് വീണ്ടും അധികാരത്തിൽ ഏറ്റുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ ഇത്തരത്തിൽ ഒന്ന് ചിന്തിക്കാൻ പോലും കഴിയില്ല. അവിടെ അയാൾ ജനങ്ങളാൽ ചോദ്യം ചെയ്യപ്പെടും. അതിനെ അയാൾ സ്വീകരിച്ചു ഉചിതമായ നടപടികളിലൂടെ പോകുമ്പോൾ, ഒരു പ്രശ്നത്തിനും ഉത്തരവാദി താനല്ല എന്ന നിലയിലാണ് നമ്മുടെ നേതാക്കൾ ജനങ്ങളുടെ മുതലിനെ മോഷ്ടിച്ചെടുക്കുന്നത്.

അഴിമതിയോടുള്ള ഇന്ത്യൻ ധാർമ്മികത വ്യക്തതയോടെ അതിന്റെ ചരിത്രത്തിൽ കാണാം. കവാടങ്ങൾ തുറക്കുന്നതിനായി കാവൽക്കാർക്ക് പണം നൽകിയതിനു ശേഷം പട്ടണങ്ങളും രാജ്യങ്ങളും പിടിച്ചെടുത്തതായും, കീഴടക്കിയതായും ഇന്ത്യൻ ചരിത്രം പറയുന്നു. പുരാണകഥകളിലും തഥൈവ. ഇത് ഇന്ത്യയുടെ മാത്രം സവിശേഷതയാണ്. ഇത്തരം അഴിമതി സ്വഭാവം ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ മാത്രം പ്രത്യേകതയാണ്. പുരാതന ഗ്രീസിനെയും ആധുനിക യൂറോപ്പിനെയും അപേക്ഷിച്ച് ഇന്ത്യക്കാർ എത്രമാത്രം കുറച്ച് യുദ്ധം ചെയ്തിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്.

ഇന്ത്യയിൽ യുദ്ധം ആവശ്യമില്ല, സൈന്യത്തെ കീഴടക്കാൻ കൈക്കൂലി മാത്രം മതിയായിരുന്നു. ഇന്ത്യൻ കോട്ടകൾ കീഴടക്കിയ ചരിത്രത്തിൽ എല്ലായ്പ്പോഴും ഒരു സാമ്പത്തിക കൈമാറ്റം ഉണ്ടായിരുന്നു. കൈക്കൂലി മൂലം രാജ്യദ്രോഹത്തിന് വലിയതോതിൽ പിടിയിലായ ഇന്ത്യക്കാരുടെ നിരവധി കേസുകൾ പണ്ട് മുതലേയുണ്ട്. ചോദ്യം ഇതാണ്: ഇന്ത്യക്കാർക്ക് മാത്രം എന്തുകൊണ്ടാണ് ഒരു ഇടപാട് സംസ്കാരം?

ഓരോരുത്തരും ധാർമ്മികമായി പെരുമാറിയാൽ എല്ലാവർക്കും ഉയർന്നുവരാമെന്ന സിദ്ധാന്തത്തിൽ ഇന്ത്യക്കാർ വിശ്വസിക്കുന്നില്ല. കാരണം അത് അവരുടെ വിശ്വാസത്തിൽ ഉൾപ്പെട്ട സന്ദേശമല്ല. അവരുടെ ജാതി വ്യവസ്ഥ അവരെ വേർതിരിക്കുന്നു. എല്ലാ മനുഷ്യരും തുല്യരാണെന്ന് അവർ വിശ്വസിക്കുന്നില്ല. ഇത് അവരുടെ വിഭജനത്തിനും മറ്റ് മതങ്ങളിലേക്കുള്ള കുടിയേറ്റത്തിനും കാരണമായി. അതുകൊണ്ടു തന്നെ നിരവധി ഹിന്ദുക്കൾ സിഖ്, ജൈന, ബുദ്ധമത വിശ്വാസികളായി. പലരും ക്രിസ്തുമതത്തിലേക്കും ഇസ്ലാമിലേക്കും പരിവർത്തനം ചെയ്തു.

ഇന്ത്യക്കാർ പരസ്പരം വിശ്വസിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇന്ത്യയിൽ ഇന്ത്യക്കാരില്ല, ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലിംകളും, മറ്റു മതങ്ങളും മാത്രമേ ഉള്ളൂ. ഈ വിഭജനം അനാരോഗ്യകരമായ ഒരു സംസ്കാരം ഇന്ത്യയിൽ ആവിഷ്കരിച്ചു. അസമത്വം ഒരു അഴിമതി നിറഞ്ഞ സമൂഹത്തിന് കാരണമായി. ഇന്ത്യയിൽ ദൈവത്തിനു പോലും കൈക്കൂലി നൽകണം എന്ന അവസ്ഥയിൽ കാര്യങ്ങൾ എത്തിച്ചു. ലോകത്തിലെ ഏറ്റവും അഴിമതി കുറഞ്ഞ ഒരുപാട് രാജ്യങ്ങളിലൊന്നും മതങ്ങൾക്ക് രാഷ്ട്രീയത്തിൽ സ്ഥാനമില്ല. ✪

# ബഥേൽ പത്രിക

Since 1987

Bethel Pathrika, P. B. No. 38, Chengannur, Kerala 689 121

+91 479 2451331

bethelpathrika@gmail. com www. bethelpathrika. org

വരിസംഖ്യ 250 രൂപ



## പത്രാധിപസമിതി

| | | |
|---|---|---|
| രക്ഷാധികാരി | പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് III തിരുമേനി | |
| മാനേജിംഗ് എഡിറ്റർ | അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ ✆9447718511 | |
| പബ്ലിഷർ | റവ. ഫാ. പി. കെ. കോശി | ✆9447654008 |
| ചീഫ് എഡിറ്റർ | റവ. ഫാ. മാത്യു വർഗ്ഗീസ് പുളിമൂട്ടിൽ mathewvarghese678@gmail. com | ✆9495765393 |
| എക്സിക്യൂട്ടീവ് എഡിറ്റർ | റവ. ഫാ. മത്തായി സഖറിയ, ഇടവങ്കാട് | |
| എഡിറ്റർ | റവ. ഫാ. ജോബിൻ സാമുവേൽ, കുടശനാട് | |
| അസ്സോസിയേറ്റ് എഡിറ്റർ | ശ്രീ. സിബി മത്തായി, ഇടനാട് | |
| സർക്കുലേഷൻ മാനേജർ | റവ. ഡീ. ജിതിൻ ജോസ് ഇടവങ്കാട് | |
| അംഗങ്ങൾ | ശ്രീ. സജി പട്ടരുമഠം, ബുധനൂർ | ശ്രീ. ജോർജ് വർഗീസ്, പുത്തൻകാവ് |
| | ശ്രീ. എബി അലക്സാണ്ടർ, പുത്തൻകാവ് | ശ്രീ. ബിനോയ് പി. ജോർജ്, കുടശനാട് |
| | ശ്രീ. ഷാജൻ മാത്യു, പേരിശ്ശേരി ഈസ്റ്റ് | ശ്രീ. റിബു ജോൺ, പേരിശ്ശേരി |
| | ശ്രീ. ചിൽസ് തോമസ് കോശി, കുർത്തമല | ശ്രീ. ബിനു മുളക്കുഴ |
| | ശ്രീമതി മിനി ജോൺസൺ, മെഴുവേലി | |
| ഉപദേശകസമിതി | റവ. ഫാ. ഡോ. തോമസ് വർഗീസ് അമയിൽ | അഡ്വ. ജി. ഏബ്രഹാം, കുർത്തമല |
| | ശ്രീ. വർഗീസ് ജോൺ തോട്ടപ്പുഴ | പ്രൊഫ. ഡോ. ബിൻസി റെജി, ആറ്റുവാ |
| | ശ്രീമതി സോളി ജി. ഫിലിപ്പ്, മംഗലം | |

വരിസംഖ്യ അടയ്ക്കൽ G-Pay വഴിയും Scan & Pay

Send Screenshot & Postal Address 9447791896

ബഥേൽ പത്രിക വരിക്കാരാകുവാനും വരിസംഖ്യ പുതുക്കുവാനും QR Code Scan ചെയ്ത ശേഷം 9447791896 എന്ന വാട്സ്ആപ്പ് നമ്പറിലേക്ക് അയക്കുക.


## ഇതളുകളിൽ


| | | |
|---|---|---|
| 05 | ഇടയപത്രിക | ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ |
| 06 | മാർ സർഗ്ഗീസ് ബാക്കോസ് സഹദേന്മാർ | ഫാ. ഡോ. മാത്യു വർഗ്ഗീസ് |
| 09 | ചേപ്പാട് മാർ ദിവന്നാസ്യോസ് ത്യാഗവഴിയിലെ വെള്ളി നക്ഷത്രം | ഡോ. കെ. എൽ. മാത്യു വൈദ്യൻ കോർ എപ്പിസ്ക്കോപ്പാ |
| 12 | സാരോപദേശകഥകൾ ഒരു മോതിരത്തിന്റെ കഥ | ഫാ. പി. വി. ജോൺ ചെങ്ങന്നൂർ |
| 14 | ഒരു അമ്മയുടെ കരുതൽ | എ. സി. ജോയ് ചെറിയനാട് |
| 17 | THE FAMILY DISEASE | Fr. Dr. Renny Thomas |
| 20 | ജീവിത വഴിയിൽ "പുത്തൻ തീ" പരത്തിയ പുണ്യവാൻ | ഫാ. ബെഞ്ചമിൻ തോമസ് |
| 22 | മരണ വീട്ടിലെ മരണ ഗാനാലാപ 'ശുശ്രൂഷ' | ഫാ. ജോർജ്ജ് കോശി |
| 24 | ബാലപത്രിക | |
| 26 | ക്വിസ് 14 | |
| 27 | റഷ്യൻ – റോം അപ്പോസ്തോലിക സന്ദർശനങ്ങൾ | ഫാ. ഡോ. തോമസ് വർഗീസ് അമയിൽ |
| 29 | ഭദ്രാസന വാർത്തകൾ | |
| 30 | ലോകക്രൈസ്തവ വാർത്തകൾ | |

ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ

# ആത്മീയതയും, ആധുനിക ചിന്തധാരകളും

അടുത്തകാലത്ത് ഏറ്റവും ചർച്ച ചെയ്യപ്പെടുന്നതും, വിവാദങ്ങൾക്ക് വഴിവെയ്ക്കുന്നതുമായ വിഷയമാണ് 'ആത്മീയത' എന്നത്. ആത്മീയതയുടെ ആഴങ്ങളെപറ്റിയുള്ള ആത്മാർത്ഥമായ ചിന്തയില്ലായ്മയാണ് അതിന് കാരണം എന്ന് തോന്നുന്നു. ഉപരിപ്ലവമായ ആചാരരീതികളുടെയും, ആശയങ്ങളുടെയും അടിസ്ഥാനത്തിൽ ആത്മീയതയെ സ്വാംശീകരിക്കുവാനും, വിശദീകരിക്കുവാനും പ്രയാസമാണ്. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ആഴമായ ബന്ധമാണ് ആത്മീയതയുടെ പൊരുൾ. അത് കേവലം അനുഷ്ഠാന നിഷ്ഠകളിലും പ്രാർത്ഥനകളിലും മാത്രം ഒതുക്കി കടമയായി നിറവേറ്റപ്പെടേണ്ട ഒന്നല്ല. ഭക്തി നിർഭരമായ അനുഷ്ഠാന കണിശത മതത്തിന്റെ താൽ പര്യമാണെന്നത് ശരിയാണ്. എന്നാൽ ഒരു വ്യക്തിയിൽ നിന്ന് പ്രസ്തുത ഭക്തിയുടെ സദ്ഫലങ്ങൾ അനുഭവിക്കാൻ സാധ്യമല്ലെങ്കിൽ അത് ആത്മീയതയുടെ ശൂന്യതയാണത്. ആത്മീയതയുടെ സൽഫലങ്ങൾ നമ്മോടു അടുക്കുന്നവർക്കോ, സമൂഹത്തിനോ നമ്മിൽ നിന്ന് അനുഭവേദ്യമാകുന്നില്ല എങ്കിൽ വിശ്വാസം 'മിത്തായി' വ്യാഖ്യാനിക്കപ്പെട്ടേക്കാം.

വിശുദ്ധ സഭക്ക് അകത്ത് നിന്ന് ആയാലും പുറത്ത് നിന്ന് ആയാലും ആത്മീയ ചുറ്റുപാടുകളിൽ നിന്ന് കാണിച്ചു കൂട്ടുന്നത് എല്ലാം ആത്മീയതയായി കാണുവാൻ കഴിയില്ല. ആധുനിക ചിന്താധാരയിൽ അങ്ങനെ ഒരു പിശക് കടന്നു കൂടിയിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പുറത്ത് കാണുന്ന വികലമായ അഭിനവ ആത്മീയത സഭക്ക് ഉള്ളിൽ വരാതെ നാം സൂക്ഷിക്കേണ്ടത് പോലെ തന്നെ ഗൗരവമുള്ളതാണ് സഭയുടെ ആത്മീയത വികലമായി പോകാതിരിക്കുവാനുള്ള ശ്രദ്ധയും, ബോധ്യവും .

സഭയുടെ വളർച്ചക്ക് ആത്മീയപ്രസ്ഥാനങ്ങളുടെ പങ്ക് വളരെ വലുതാണ്. എന്നാൽ ആത്മീയതയുടെ അർത്ഥം ഉൾക്കൊള്ളാതെയുള്ള പ്രവർത്തനശൈലി ഗുണത്തേക്കാൾ കൂടുതൽ ദോഷമാണ് ഉണ്ടാക്കുന്നത്. സ്ഥാനമാനങ്ങൾ ലഭിക്കുന്നതിനും, പ്രവത്തനമികവ് കാണിക്കുന്നതിനും ഏതു മാർഗ്ഗവും സ്വീകരിക്കുന്നത് ശരിയായ ആത്മീയതയുടെ ഭാഗമല്ല. സഭ പൊതുവിൽ നിശ്ചയിച്ച ക്രമവും രീതിയും പിന്തുടരലാണ് നീതി. അതാണ് ആത്മീയതയുടെ ആത്മാവ്. വ്യക്തി, കുടുംബം, സമൂഹം, ഇതര ജീവജാലങ്ങൾ, പ്രകൃതി പ്രതിഭാസങ്ങൾ, അനുഷ്ഠാനങ്ങൾ തുടങ്ങി ജീവിതത്തിന്റെ ബഹുവർണ മേഖലകളിലേക്ക് കൂടി പടരേണ്ടതാണ് സഭ നിഷ്കർഷിക്കുന്ന ആത്മീയത. അത് വ്യകതി കേന്ദ്രികൃതമോ, ഗ്രൂപ്പ് കേന്ദ്രികൃതമോ അല്ല. ജഡത്തിൽ മനസ്സുവച്ചാൽ മരണമാണ്; ആത്മാവിൽ മനസ്സുവെച്ചാലോ ജീവനും സമാധാനവുമാണ്'' എന്ന് അപ്പൊസ്തലനായ വി. പൗലൊസ് എഴുതി. (റോമർ8:6) ആത്മീയമനസ്കനായിരിക്കുക എന്നത് ഇഷ്ടാനുസരണം തീരുമാനിക്കേണ്ട ഒരു നിസ്സാര കാര്യമല്ലെന്നാണ് ആ വാക്കുകളിലൂടെ വി. പൗലൊസ് ചൂണ്ടിക്കാണിച്ചത്. ഒരു വ്യക്തിയുടെ മനസ്സ് ക്രിസ്തുവിന്റേതുമായി എത്രയധികം അനുരൂപപ്പെടുന്നുവോ അദ്ദേഹത്തിന്റെ ആത്മീയത അത്രയധികം ആഴമുള്ളതായിത്തീരും ജീവിതത്തിൽ ''ജീവനും സമാധാനവും'' പ്രാപിക്കാനുള്ള സാധ്യതയും ഏറെയായിരിക്കും. (റോമർ 13:14.) ക്രിസ്തുവിന് ഉള്ളവർ എന്ന ലേബൽ സ്വീകരിക്കുകയും, വേഷഭൂഷാദികളിൽ അത്തരം പ്രതീതി സൃഷ്ടിക്കുകയും, മികവിൽ സ്വയം അഭിമാനിക്കുകയും ചെയ്യുമ്പോൾ ക്രിസ്തുഭാവത്തിനും, സഭ പഠിപ്പിക്കുന്ന ശരിയായ ആത്മീയതയും കാതങ്ങൾ അകലെയാണ് എന്ന് മറക്കരുത്. ആധുനികതയിൽ അന്യം നിന്നു പോകുന്ന ക്രിസ്തുവിന്റെ ഭാവവും ആത്മീയതയും അതുവഴി ലഭിക്കുന്ന ലോകം തരാത്ത സന്തോഷവും സമാധാനവും തിരികെ ലഭിക്കുവാൻ വൈദീകരും, ആത്മീയ പ്രസ്ഥാനങ്ങളും പ്രവർത്തകരും ശ്രദ്ധിക്കേണ്ടതാണ്. ആധുനികതയിൽ നിന്ന് ഉത്തരാധുനികതയിലേക്ക് കാലം സഞ്ചരിക്കുമ്പോൾ കാലത്തിന് അനുസരിച്ചു കോലവും എന്നത് നമുക്ക് സ്വികരിക്കുവാൻ കഴിയുന്ന ശൈലി അല്ല. വിളിച്ചവന്റെ വിളിക്ക് യോഗ്യമാംവണ്ണം പ്രവർത്തിക്കുക എന്നതാണ് ഒരു വിശ്വാസിയെ സംബന്ധിച്ച് യോഗ്യമായത്. അത്തരത്തിൽ ശ്രദ്ധയുള്ളവരും, ബോധ്യമുള്ളവരുമായി ജീവിക്കുവാൻ നമുക്ക് ഇടയാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഫാ. ഡോ. മാത്യു വർഗ്ഗീസ്
(ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം)

# മാർ സർഗ്ഗീസ് ബാക്കോസ് സഹദേന്മാർ



അപ്പോസ്തോലിക സഭകളുടെ ആരാധന - വിശ്വാസ പാരമ്പര്യത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥനകൾക്കായി വിശ്വാസികൾ ആശ്രയിക്കുന്ന നാലു വിധ പുണ്യാത്മാക്കളുണ്ട്. ലോകമൊക്കെയും കർത്താവിന്റെ സുവിശേഷം പ്രസംഗിക്കുകയും രക്തസാക്ഷികളായി തീരുകയും ചെയ്ത ശ്ലീഹന്മാർ, കൊടിയ പീഢനമേറ്റ് രക്തസാക്ഷികളായ സഹദേന്മാർ, കഠിനപീഢകളിൽ കൂടി കടന്നുപോയിട്ടും സത്യവിശ്വാസത്തിൽ ഉറച്ചു നിന്ന് ക്രിസ്തുവിനെ ഏറ്റുപറഞ്ഞ മൗദ്യാനന്മാർ, ജീവിത വിശുദ്ധി കൊണ്ടും അത്ഭുത സിദ്ധികൾക്കൊണ്ടും പുണ്യവാന്മാരായി സഭ അംഗീകരിച്ചിട്ടുള്ള പരിശുദ്ധന്മാർ. ഇവരിൽ കർത്താവിനു വേണ്ടി രക്തസാക്ഷിത്വത്തിന്റെ കിരീടം നേടിയവരാണ് സഹദേന്മാർ. ക്രിസ്തുവിന് ശേഷമുള്ള മൂന്നു നൂറ്റാണ്ടുകൾ കൊടിയ ക്രൈസ്തവ പീഢനത്തിന്റെ കാലഘട്ടമായിരുന്നു. ക്രൈസ്തവ മതത്തിന് പ്രവർത്തന സ്വാതന്ത്ര്യം തടയപ്പെട്ട ആ കാലഘട്ടത്തിൽ അനേകർ ദാരുണമായി കൊല്ലപ്പെട്ട് ക്രൈസ്തവ മകുടം നേടി. രക്തസാക്ഷികളുടെ രക്തം സഭയുടെ വിത്താണ് (The Blood of Martyrs is the Seed of the Church) എന്ന് തെർത്തുല്യൻ എന്ന സഭാ പിതാവ് പറയുന്നത് അന്വർത്ഥമായി. സഹദേന്മാരുടെ രക്തവും സഹനവും അനേകരെ ക്രിസ്തുവിലേക്ക് ആകർഷിച്ചു. അപ്രകാരം കൊല്ലപ്പെട്ട സഹദേന്മാരുടെ നിരയിൽ ശ്രദ്ധേയരായ രണ്ട് യുവസഹദേന്മാരായിരുന്നു സർഗ്ഗീസും മാർ ബാക്കോസും.

പൗരസ്ത്യ പാശ്ചാത്യ ബൈസന്റിയൻ സഭാ പാരമ്പര്യങ്ങളിൽ ഒരുപോലെ സ്മരിക്കപ്പെടുന്ന വിശുദ്ധന്മാരാണ് സർഗ്ഗീസ്  ബാക്കോസ് സഹദേന്മാർ. ഇവരുടെ ജീവിതത്തെപ്പറ്റി ചുരുക്കം വിവരങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. റോമൻ ചക്രവർത്തിയായ മാക്സിമിയന്റെ കാലത്ത് സിറിയൻ അതിർത്തിയിലുള്ള റോമൻ സൈനിക ഉദ്യോഗസ്ഥരായിരുന്നു ഇവർ ഇരുവരും. പുറജാതികളായിരുന്ന ഇരുവരും ക്രിസ്തു മാർഗ്ഗത്തിൽ ആകൃഷ്ടരാവുകയും ക്രിസ്ത്യാനികളായി തീരുകയും ചെയ്തു. ആദിമ സഭാ ക്രിസ്ത്യാനികളുടെ ജീവിതവും നടപടികളുമാണ് അവരെ ക്രിസ്തീയതയിലേക്ക് ആകർഷിച്ചത്.

സർഗ്ഗീസിന്റെയും ബാക്കോസിന്റെയും രക്തസാക്ഷിത്വത്തെക്കുറിച്ചുള്ള വിവരങ്ങൾ നമുക്ക് ലഭ്യമാകുന്നത് ഗ്രീക്കിൽ എഴുതപ്പെട്ട 'സർഗ്ഗീസ് ബാക്കോസ് സഹദേന്മാരുടെ കഷ്ടാനുഭവം' (The passion of St. Serge and Bacchus) എന്ന വിവരണത്തിൽ നിന്നാണ്. ഗ്രീക്കിൽ നിന്ന് ലാറ്റിനിലേക്കും പിന്നീട് മറ്റ് ഭാഷകളിലേക്കും ഇത് ഭാഷാന്തരം ചെയ്യപ്പെട്ടു. ഈ വിവരണമനുസരിച്ച് റോമൻ സൈന്യത്തിൽ ഒരു സൈന്യസംഘത്തിന്റെ തലവനായിരുന്നു. ബാക്കോസ് സൈന്യത്തിലെ രണ്ടാം തരത്തിലുള്ള ഉദ്യോഗം നിർവ്വഹിച്ചിരുന്നു. സർഗ്ഗീസിന് റോമൻ ചക്രവർത്തിയായിരുന്ന മാക്സിമിയനോട് അടുപ്പവും സ്വാധീനവും ഉണ്ടായിരുന്നു. സർഗ്ഗീന്റെ ശുപാർശ കൊണ്ട് തന്റെ സുഹൃത്തായ അന്ത്യോക്കസിനെ അഗബ്റ്റോ-യൂഫ്രട്ടീസ് പ്രദേശങ്ങളുടെ ഗവർണ്ണറായി ചക്രവർത്തി നിയമിച്ചിരുന്നു. സർഗ്ഗീസ് ബാക്കോസ് സഹദേന്മാർ ആത്മസ്നേ

ഹിതരായിരുന്നു. ഇവരുടെ സൗഹൃദത്തെ തെറ്റിദ്ധരിച്ചിരുന്നതുകൊണ്ട് ക്രിസ്തീയ വിശ്വാസത്തിന്റെ തലത്തിലായിരുന്നു അവരുടെ സ്നേഹസൗഹൃദങ്ങൾ എന്ന് വിവരണത്തിൽ രേഖപ്പെടുത്തുന്നു. ''ഇതാ സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര നന്മയും സുന്ദരവുമാകുന്നു'' എന്ന സങ്കീർത്തനം അവർ സദാ പാടിയിരുന്നു. ക്രിസ്തീയ കൂട്ടായ്മയുടെ സൗന്ദര്യമാണ് സങ്കീർത്തനാലാപനത്തിൽ കൂടി അവർ പാടിയത്. ക്രിസ്തീയ വിശ്വാസം അവർ പരസ്യപ്പെടുത്താതെ രഹസ്യമായി വിശ്വാസജീവിതത്തിൽ തുടർന്നു.

ഒരിക്കൽ മാക്സിമിയൻ ചക്രവർത്തി തന്റെ സർവ്വസൈന്യവുമായി വിജാതിയ ദേവനായ സിയൂസ് ദേവന് ബലികഴിക്കാനായി ആരാധനാലയത്തിൽ പ്രവേശിച്ചു. രാജാവിനൊപ്പം സർവ്വസൈന്യവും ബലിയർപ്പണത്തിൽ മുഴുകി. എന്നാൽ സർഗ്ഗീസ് ബാക്കോസ് എന്നിവർ സിയൂസിന് ബലി കഴിക്കുന്നതിന് വിമുഖത കാണിക്കുകയും തങ്ങൾ ക്രിസ്തുവിന്റെ അനുയായികൾ എന്ന് പരസ്യമായി ഏറ്റുപറയുകയും ചെയ്തു. ചക്രവർത്തി സൗഹൃദമായി അവരെ പ്രലോഭിപ്പിച്ച് ബലിയർപ്പണത്തിന് നിർബന്ധിച്ചെങ്കിലും അവർ വഴങ്ങിയില്ല. തുടർന്ന് കോപാക്രാന്തനായ രാജാവ് അവരെ ബന്ധിക്കുവാൻ ഉത്തരവിട്ടു. സൈന്യത്തിൽ അവരെ തരംതാഴ്ത്തി ബന്ധനസ്ഥരാക്കി. സ്ത്രീകളുടെ വേഷം ധരിപ്പിച്ച് തെരുവിൽക്കൂടി നടത്തുകയും ചന്തസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്തു. റോമൻ സംസ്ക്കാരത്തിൽ പുരുഷൻ സ്ത്രീ വേഷം ധരിക്കുന്നത് അത്യന്തം അപമാനകരമായി ഗണിച്ചിരുന്നു. തുടർന്ന് അവരെ ഇരുവരേയും വേർപ്പെടുത്തുകയും ബാക്കോസിനെ ദാരുണമായി ഉടക്കുചാട്ടകൊണ്ട് അടുപ്പിക്കുകയും തത്ഫലമായി അദ്ദേഹം കൊല്ലപ്പെടുകയും ചെയ്തു. ബാക്കോസ് കൊല്ലപ്പെട്ട രാത്രിയിൽ കാരാഗൃഹത്തിലായിരുന്ന സർഗ്ഗീസിന് പ്രത്യക്ഷപ്പെട്ടു. അവന്റെ മുഖം മാലാഖമാരെപ്പോലെ പ്രകാശിച്ചിരുന്നു. അവന്റെ വേഷം സൈനികന്റെ വേഷം പോലെയായിരുന്നു. ബാക്കോസ് സർഗ്ഗീസിനെ ധൈര്യപ്പെടുത്തുകയും താൻ ക്രിസ്തുവിന്റെ സൈന്യത്തിലായി എന്ന് വെളിപ്പെടുത്തുകയും ചെയ്തു. സ്വർഗ്ഗത്തിൽ നാം വീണ്ടും ഒന്നിക്കുമെന്ന് ബാക്കോസ് പ്രത്യാശ നൽകി.

തൊട്ടടുത്ത ദിവസം സർഗ്ഗീസിനെ അധികാരിയുടെ മുമ്പിൽ ഹാജരാക്കി. തന്റെ സുഹൃത്തായ അന്ത്യോഖ്യസ് ന്യായപീഠത്തിൽ ഇരുന്നു. ക്രിസ്തുമാർഗ്ഗം ഉപേക്ഷിക്കുവാനും ദേവന്മാരെ ആരാധിക്കുവാനും ആജ്ഞാപിച്ചു. അതിനു മറുപടിയായി ''ഞങ്ങൾ സകലവും ഉപേക്ഷിച്ചു ക്രിസ്തുവിനെ പിൻപറ്റി വ്യർത്ഥമായ ഭൗമിക ബഹുമാനത്തെ ഉപേക്ഷിച്ചു സ്വർഗ്ഗീയ മാലാഖമാർക്ക് സഖാക്കളായി തീർന്നു. കളങ്കപങ്കിലമായ ഭൗതിക സമ്പത്തിനെ മറന്ന് സ്വർഗ്ഗീയ നിക്ഷേപത്തിനായി കാംക്ഷിക്കുന്നു'' എന്ന് സർഗ്ഗീസ് പറഞ്ഞു. കുപിതനായ ന്യായാധിപൻ സർഗ്ഗീസിന് മരണശിക്ഷ നൽകി. സർഗ്ഗീസിന്റെ പാദങ്ങളിൽ ആണികൾ തറച്ചു കയറ്റുകയും കൊടിയ പീഢനങ്ങൾക്കുശേഷം ശിരഛേദം ചെയ്യുകയും ചെയ്തു. ശിരഛേദം ചെയ്യപ്പെടുമ്പോൾ ''എന്റെ ആത്മാവിനെ നിന്റെ തൃക്കൈകളിൽ ഏൽപ്പിക്കുന്നു. പിശാചുക്കളുടെ കൈയ്യിൽ നിന്ന് എന്നെ രക്ഷിക്കണമെ'' എന്ന് പ്രാർത്ഥിച്ചതായും സ്വർഗ്ഗത്തിൽ നിന്ന് ''ജയാളിയായ


ചെറിയ ഹാഗിയ സോഫിയ. ജസ്റ്റീനിയൻ ചക്രവർത്തി രക്തസാക്ഷികളായ മാർ സർഗീസിന്റെയും ബാക്കോസിന്റെയും നാമത്തിൽ പണികഴിപ്പിച്ച പള്ളി. ഇസ്താംബുൾ, തുർക്കി.

പടയാളി സർഗ്ഗീസേ! സ്വർഗ്ഗരാജ്യം നിനക്കായി ഒരുക്കപ്പെട്ടിരിക്കുന്നു. മാലാഖമാരും, വിശുദ്ധന്മാരുടെ സംഘവും നിന്നെ എതിരേൽക്കുവാനായി നിൽക്കുന്നു'' എന്ന് പ്രതിധ്വനി ഉണ്ടായതായും രക്തസാക്ഷി വിവരണത്തിൽ കാണുന്നു.

സർഗ്ഗീസിന്റെ മരണത്തിന് സാക്ഷികളായവർ അവന്റെ ശരീരം അവൻ കൊല്ലപ്പെട്ട സ്ഥലത്തുതന്നെ സംസ്ക്കരിച്ചു. കുറച്ചു നാളുകൾക്ക് ശേഷം കുറേപ്പേർ അവന്റെ ശരീരം അവിടെ നിന്നും രഹസ്യമായി നീക്കുവാനായി വന്നു. അപ്പോൾ സ്വർഗ്ഗത്തിൽ നിന്ന് തീ ഇറങ്ങി ആ സ്ഥലത്തു പ്രകാശിച്ചു. ഇത് വിശുദ്ധന്റെ ശരീരം അവിടെ സംസ്ക്കരിക്കപ്പെട്ടു എന്ന് വെളിപ്പെടുത്തുകയായിരുന്നു. സർഗ്ഗീസിനെ സംസ്കരിച്ചത് സിറിയായുടെ മദ്ധ്യഭാഗത്തുള്ള റോസാഫെ എന്ന സ്ഥലത്തായിരുന്നു. റോസാഫെയിലെ വിശ്വാസികൾ ഈ കവർച്ചാ ശ്രമത്തെ കുറിച്ചറിയുകയും

കല്ലുകൊണ്ടും കളിമണ്ണുകൊണ്ടും കബറിടം പണിയുകയും ചെയ്തു.

ബാക്കോസിനെ വധിച്ചവർ അവന്റെ ശരീരം സംസ്ക്കരിക്കുവാൻ സമ്മതിക്കാതെ നായ്ക്കൾക്കും വന്യമൃഗങ്ങൾക്കും ഇരയാകുവാൻ സൈനിക കേന്ദ്രത്തിന് പുറത്തേക്ക് വലിച്ചെറിഞ്ഞു. നായ്ക്കളും വന്യമൃഗങ്ങളും ആ മൃതശരീരത്തിന് ചുറ്റും കൂടി. എന്നാൽ ഉയരത്തിൽ നിന്ന് പറന്നിറങ്ങിയ പക്ഷികൾ രക്തദാഹികളായ മൃഗങ്ങളെ മൃതശരീരത്തിനടുക്കുവാൻ സമ്മതിച്ചില്ല. രാത്രി മുഴുവൻ പക്ഷികൾ ശരീരത്തിനു ചുറ്റും പറന്നിരിന്നു. പ്രഭാതത്തിൽ അതിനടുത്ത് ഗുഹകളിൽ പാർത്തിരുന്ന സന്യാസമാർ വന്ന് ആ ശരീരം എടുത്ത് പ്രാർത്ഥനയോടെ അവർ പാർത്തിരുന്ന ഒരു ഗുഹയിൽ സംസ്ക്കരിച്ചു. സർഗ്ഗീസ് ബാക്കോസ് സഹദേന്മാരുടെ രക്തസാക്ഷിത്വം സംഭവിച്ചത് എ.ഡി. 312 ൽ ആയിരുന്നു എന്നനുമാനിക്കുന്നു. എന്നാൽ കൃത്യമായി പറയുവാൻ ചരിത്രരേഖകളില്ല.

സർഗ്ഗീസ് ബാക്കോസ് സഹദേന്മാരുടെ മരണത്തിനുശേഷം വളരെയേറെ ബഹുമതികൾ അവർക്ക് നൽകപ്പെട്ടു. എ.ഡി. 431 ൽ ഹിയറപ്പോലീസിലെ മെത്രാനായിരുന്ന അലക്സാണ്ടർ, സർഗ്ഗീസിന്റെ കബറിടത്തോടു ചേർന്ന് ദേവാലയം നിർമ്മിക്കുകയും അധികം താമസിയാതെ റോസാഫെ ഒരു മെത്രാസനമായി പ്രഖ്യാപിക്കുകയും ചെയ്തു. ബൈസാന്റിയൻ ചക്രവർത്തി ജസ്റ്റീനിയൻ ഒന്നാമൻ റോസാഫേയുടെ പേര് സർഗ്ഗീസിന്റെ ബഹുമാനാർത്ഥം സെർഗിയെപ്പോലീസ് എന്നാക്കുകയും അതിഭദ്രാസനമായി (Arch - Diocese) ഉയർത്തുകയും ചെയ്തു. റോസാഫേയിലെ ദേവാലയം പൗരസ്ത്യദേശത്തെ വലിയ തീർത്ഥാടന കേന്ദ്രമായി ഉയർന്നു. സർഗ്ഗീസ് ബാക്കോസ് സഹദേന്മാരുടെ നാമധേയത്തിൽ കുസ്തന്തിനോസ്പ്പോലിസിലും പാലസ്തീനിലെ അക്രേയിലും ദേവാലയങ്ങൾ നിർമ്മിതമായി. റോമിൽ ഇവരുടെ നാമത്തിൽ 9-ാം നൂറ്റാണ്ടിൽ ദേവാലയമുണ്ടായി. ഈ വിശുദ്ധന്മാർ ബൈസന്റിയൻ സൈന്യത്തിന്റെ കാവൽഭടന്മാരായി പ്രഖ്യാപിക്കപ്പെട്ടു. എ.ഡി. 527 ൽ ജസ്റ്റിനിയൻ ചക്രവർത്തി. കുസ്തന്തിനോസ്പ്പോലീസിൽ വലിയ ഒരു ആശ്രമചാപ്പൽ സ്ഥാപിക്കുകയും സർഗ്ഗീസ് ബാക്കോസ് സഹദേന്മാരുടെ നാമത്തിൽ പ്രതിഷ്ഠിച്ച് 'ചെറിയ ഹാഗിയ സോഫിയ' എന്ന് നാമകരണം ചെയ്തു. മരുഭൂമിയിൽ ദേശാന്തരികളായി നടക്കുന്ന ക്രിസ്ത്യാനികൾ അവരുടെ കാവൽ ഭടനായി സർഗ്ഗീസിനെ കണക്കാക്കുന്നു. അർമ്മീനിയൻ



റോസാഫെയിൽ മാർ സർഗ്ഗീസിന്റെ കബറിടം സ്ഥിതി ചെയ്യുന്ന ദേവാലയം

സഭയുടെ പാരമ്പര്യത്തിൽ സർഗ്ഗീസ് തന്റെ പുത്രനായ മാർട്ടീരിയസിനോടൊപ്പം രക്തസാക്ഷിയായി തീർന്നു എന്ന് വിശ്വസിക്കപ്പെടുന്നു. അവരുടെ പെരുന്നാൾ മൂന്നുദിവസത്തെ നോമ്പിനോടും ഉപവാസത്തോടും ചേർന്ന് ആഘോഷിക്കുന്നു. ഒക്ടോബർ 07 ന് എല്ലാ പാരമ്പര്യങ്ങളിലും കർത്താവിന്റെ ഭടന്മാരായ സർഗ്ഗീസ് ബാക്കോസ് സഹദേന്മാരുടെ ഓർമ്മ ആഘോഷിക്കുന്നു. സുറിയാനി സഭയുടെ വലിയ മല്പാനായിരുന്ന സെറൂഗിലെ മാർ യാക്കോബ് ഈ വിശുദ്ധരെ പ്പറ്റി ദീർഘമായ ഒരു മെമ്റാ (Homily) രചിച്ചിട്ടുണ്ട്. പാമ്പാക്കുട പെങ്കീസാ നമസ്ക്കാരത്തിൽ ഈ പുണ്യവാന്മാരുടെ പെരുന്നാളിന്റെ നമസ്ക്കാരം ഉണ്ട്.

മലങ്കര സഭയിലും സർഗ്ഗീസ് ബാക്കോസ് സഹദേന്മാർ പ്രസിദ്ധരാണ്. ശൂരനാട് ബസലേൽ കോൺവന്റ് ചാപ്പൽ സർഗ്ഗീസ് ബാക്കോസ് സഹദേന്മാരുടെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. കൂടാതെ മലങ്കരയിൽ നിരവധി ബലിപീഠങ്ങളും കുരിശിൻ സൗധങ്ങളും ഇവരുടെ ബഹുമതിയ്ക്കായി പ്രതിഷ്ഠിച്ചിട്ടുണ്ട്.

ഗ്രീക്ക് ഭാഷയിൽ രചിച്ചിരിക്കുന്ന ഇവരുടെ രക്തസാക്ഷി വിവരണത്തിൽ രാജാവുമായുള്ള ഇവരുടെ ദീർഘകാല പ്രതിവാദങ്ങൾ ഉണ്ട്. ഈ വിശുദ്ധന്മാരുടെ മറുപടികളിൽ വേദപുസ്തകത്തിൽ നിന്നുള്ള ഉദ്ധരണികൾ ധാരാളമായി കാണാം. അതുകൂടാതെ അവരുടെ ആഴമായ ദൈവബോധത്തിന്റെയും, വിശ്വാസതീക്ഷ്ണതയുടെയും മറുപടികൾ ദർശിക്കാം. പീഢനത്തിന്റെ കൊടുമുടിയിൽ സങ്കീർത്തനങ്ങളുടെ ആലാപനം നിർവ്വഹിച്ചിരുന്നു. വിശുദ്ധരുടെ വാക്കുകൾ തന്നെ ധ്യാനാത്മകമാണ്. നീതിമാരുടെ ചരിത്രം പഠിപ്പിക്കുന്നത് അവരുടെ ധൈര്യത്തെ അനുകരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. സർഗ്ഗീസ് ബാക്കോസ് സഹദേന്മാരുടെ പ്രാർത്ഥന നമുക്ക് കോട്ടയാകട്ടെ.



ഡോ. കെ.എൽ. മാത്യു വൈദ്യൻ കോർ എപ്പിസ്കോപ്പാ

# ചേപ്പാട് മാർ ദിവന്നാസ്യോസ് ത്യാഗവഴിയിലെ വെള്ളിനക്ഷത്രം

ആത്മാക്കളെ നേടാൻ കഴിയുന്നത് തത്വശാസ്ത്രം കൊണ്ടല്ല, ഹൃദയപൂർവ്വമായ പെരുമാറ്റം കൊണ്ടാണ്. വിഷമങ്ങളിൽ ജനങ്ങളുടെ കൂടെ നിൽക്കുന്നവരാണ് യഥാർത്ഥ സഭാപിതാക്കന്മാർ. കഷ്ടനഷ്ടങ്ങൾ സഹിച്ച് സഭാത്മികതയെ നയിച്ച ആത്മീയ പിതാവാണ് ചേപ്പാട് ഫിലിപ്പോസ് മാർ ദിവന്നാസ്യോസ് നാലാമൻ. എ.സി. 1825 മുതൽ 1855 വരെ അദ്ദേഹം മലങ്കര മെത്രാപ്പോലീത്താ ആയിരുന്നു.

മഹർഷി തുല്യമായ ജീവിതം നയിച്ചു. സത്യവിശ്വാസ സംരക്ഷകനായി പ്രവർത്തിച്ചു. നിർമ്മല മനസ്സായിരുന്നു. പ്രതിയോഗികളോടു പോലും പകയും വിദ്വേഷവും കാട്ടിയില്ല. മാർ ദിവന്നാസ്യോസ് അനേകർക്ക് ആത്മീയ പ്രചോദനം നല്കി. ലളിത ജീവിതം നയിച്ച പ്രാർത്ഥനാ മനുഷ്യനായിരുന്നു അദ്ദേഹം. സന്മാർഗ്ഗിക ഉപദേശങ്ങൾ നൽകി. ഇമ്പകരമായി ആരാധന നയിച്ചു. സാമൂഹിക വീക്ഷണം പുലർത്തി. അനുഗ്രഹത്തിന്റെ കണ്ണീരൊഴുക്കി ജീവിച്ചു.

ഹരിപ്പാടിനു സമീപം പള്ളിപ്പാട് ആഞ്ഞിലിമൂട്ടിൽ ഭവനത്തിൽ ജനിച്ചു. ഏകദേശം എ.ഡി. 1780 ൽ ആണ് ജനനം. പിതാവിന്റെ പേര് കുഞ്ഞാണ്ടി. അദ്ദേഹത്തിന്റെ ആദ്യ വിവാഹത്തിലെ അഞ്ചു മക്കളിൽ ഇളയമകനാണ് ഫിലിപ്പോസ്. പൈതൽ ജനിച്ച് രണ്ടു മാസത്തിനകം അമ്മ മരിച്ചു. തുടർന്ന് മാതാവിന്റെ ഭവനത്തിലാണ് ഈ ബാലൻ വളർന്നത്. തിരുമേനിയുടെ പിതാവിന്റെ വല്യപ്പൻ തുമ്പമൺ പള്ളിവാതുക്കൽ കുടുംബത്തിലെ അംഗമായിരുന്നു എന്ന് രേഖയുണ്ട്.

പള്ളിപ്പാട് പ്രദേശത്തെ ക്രിസ്തീയ കുടുംബങ്ങൾ അന്ന് ചേപ്പാട് ഇടവകയിലാണ് കൂടിനടന്നിരുന്നത്. മലങ്കര സഭയെ ഭരിച്ചിരുന്ന മാർത്തോമ്മൻ അഞ്ചാമൻ 1765 ൽ കാലം ചെയ്തു. തുടർന്ന് 1808 വരെ മാർത്തോമ്മാ ആറാമന്റെ ഭരണകാലമായിരുന്നു. മലങ്കര സഭാംഗങ്ങളെ വീണ്ടും റോമൻ കത്തോലിക്കാ വിഭാഗത്തിലേക്ക് ചേർക്കുവാനുള്ള ശ്രമങ്ങൾ ഇക്കാലത്ത് നടന്നു. രാജകുടുംബത്തിൽ സ്വാധീനമുണ്ടായിരുന്ന മാത്തുത്തരകൻ ഇതിന് നേതൃത്വം നൽകി.

ചേപ്പാട് തിരുമേനിയുടെ വിദ്യാഭ്യാസം, വൈദീക പരിശീലനം, ശെമ്മാശപട്ടം ഇവയെക്കുറിച്ച് നമുക്ക് അധികം വിവരങ്ങളില്ല. മാർത്തോമ്മാ ആറാമനിൽ നിന്നാണ് വൈദീകപട്ടമേറ്റത്. മെത്രാനാകുന്നതിന് മുമ്പ് ഫിലിപ്പോസ് മല്പാൻ എന്നാണ് ഇദ്ദേഹം അറിയപ്പെട്ടിരുന്നത്. അതിനാൽ വിവിധ വിഷയങ്ങളിൽ പാണ്ഡിത്യം നേടിയിരുന്നു എന്ന് കരുതാം. പുന്നത്ര മാർ ദിവ

ന്നാസ്യോസ് മൂന്നാമൻ കാലം ചെയ്തതിനെ തുടർന്ന് 1825 ആഗസ്റ്റ് 25 ന് ഫിലിപ്പോസ് മൽപ്പാനെ ദിവന്നാസ്യോസ് തിരുമേനി നാലാമനായി കോട്ടയം ചെറിയപള്ളിയിൽ വെച്ച് വാഴിച്ചു. 1004 കുംഭം 30 ന് അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്തായായി അംഗീകരിച്ചുകൊണ്ടുള്ള രാജകീയ വിളംബരം പ്രസിദ്ധപ്പെടുത്തി. മലങ്കരയിൽ തെക്കുനിന്നുള്ള ആദ്യത്തെ മെത്രാനായിരുന്നു ഇദ്ദേഹം.

വിദേശികളുടെ വരവിനെ തുടർന്ന് മലങ്കര സഭയിൽ പ്രതിസന്ധികളുണ്ടായ ചരിത്രം ഇവിടെ ഓർക്കേണ്ടതുണ്ട്. പോർച്ചുഗീസുകാരുടെ വരവിനെ തുടർന്ന് റോമൻ സഭ ഇവിടെ വേരൂന്നി. 1665 ൽ ഗ്രീഗോറിയോസ് മെത്രാന്റെ വരവോടുകൂടി അന്ത്യോഖ്യൻ സുറിയാനി സഭയുമായി നേരിട്ടുള്ള ബന്ധത്തിലായി. ആംഗ്ലിക്കൻ മിഷനറിമാരുടെ വരവിലൂടെ പ്രോട്ടസ്റ്റന്റ് സഭാ വിഭാഗങ്ങൾ മലങ്കരയിൽ ശക്തി പ്രാപിക്കാൻ തുടങ്ങി.

ഗോവയിലെ ആർച്ചു ബിഷപ്പുമായി 1594 ൽ ഇൻഡ്യയിൽ വന്ന അലക്സിസ്ഡി മെനേസിസ് മലങ്കര സഭയിലെ പള്ളികൾ സന്ദർശിച്ച് ആരാധനാക്രമങ്ങൾ നശിപ്പിച്ചു. ചേപ്പാടു പള്ളിയിലും ഉണ്ടായിരുന്ന പ്രാചീന ആരാധനാക്രമങ്ങൾ നശിപ്പിച്ചു. 1599 ൽ നടന്ന ഉദയംപേരൂർ സുന്നഹദോസ് ലത്തീൻ ആരാധനാക്രമങ്ങൾ വ്യാപിപ്പിക്കുന്നതിന് കാരണമായി. 1652 ൽ മലങ്കരയിലേക്ക് വന്ന അഹത്തള്ളാ ബാവായെ കടലിൽ മുക്കിക്കൊന്നു എന്ന വാർത്ത പരന്നതിനെ തുടർന്ന് വിദേശ സഭകൾക്കെതിരെ പ്രാദേശിക സഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് തീവ്ര ശ്രമങ്ങളുണ്ടായി. 1653 ജനുവരി 15 ലെ കൂനൻ കുരിശ് സത്യം സഭയുടെ വിശ്വാസ പ്രഖ്യാപനമായി.

ഉറച്ച പ്രോട്ടസ്റ്റന്റ് സഭാ നിലപാടുണ്ടായിരുന്ന കേണൽ മൺറോ 1810-ൽ തിരുവിതാംകൂറിൽ റസിഡന്റായി. 1814 വരെ ദിവാനുമായി. 1811 ൽ റാണി ഗൗരിലക്ഷ്മിഭായി സ്ഥാനാരോഹണം ചെയ്തു. രാജകുടുംബത്തിലുള്ള തന്റെ സ്വാധീനമുപയോഗിച്ച് റോമാ സഭാംഗങ്ങളല്ലാത്ത ക്രിസ്ത്യാനികൾക്ക് കേണൽ മൺറോ പ്രോത്സാഹനം നല്കി. മലങ്കരയിലെ വൈദീകരുടെ വിദ്യാഭ്യാസത്തിനായി ഒരു സെമിനാരി സ്ഥാപിക്കുന്നതിന് പുലിക്കോട്ടിൽ ജോസഫ് റമ്പാൻ തയ്യാറായപ്പോൾ അതിനെയും പ്രോത്സാഹിപ്പിച്ചു. 1815 ൽ പഴയസെമിനാരി ആരംഭിച്ചു.

നോർട്ടൻ, ഫെൻ, ബെയ്‌ലി തുടങ്ങിയ മിഷനറിമാർ നവീകരണാശയങ്ങൾ പ്രചരിപ്പിച്ചു. വിശ്വാസാചാരങ്ങൾ അടിമുടി പരിഷ്ക്കരിക്കാനാണ് ആംഗ്ലിക്കൻ മിഷനറിമാർ ശ്രമിച്ചത്. 1835 ൽ കൽക്കട്ടാ ബിഷപ്പായിരുന്ന വിത്സൻ തിരുവിതാംകൂറിൽ വന്നു. അദ്ദേഹം ചില നിർദ്ദേശങ്ങൾ വച്ചു. (Wilsom Proposals)

1. ഇടവകകളിൽ വിദ്യാലയങ്ങൾ സ്ഥാപിക്കണം 2. ഇംഗ്ലീഷ് പഠിപ്പിക്കണം 3. സുവിശേഷം മലയാളത്തിൽ വ്യാഖ്യാനിച്ച് പഠിപ്പിക്കണം 4. സെമിനാരി പ്രിൻസിപ്പലായ സി.എം.എസ്സ്. മിഷനറിയിൽ നിന്ന് സൽസ്വഭാവത്തിന് സർട്ടിഫിക്കറ്റ് ലഭിക്കുന്നവർക്കേ പട്ടം കൊടുക്കാവൂ. 5. പള്ളിക്കണക്കുകൾ ബ്രിട്ടീഷ് റസിഡന്റിന് അയയ്ക്കണം. 6. മരിച്ചർക്കുവേണ്ടിയുള്ള പ്രാർത്ഥനയും പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥതയും തക്സായിൽ നിന്ന് നീക്കം ചെയ്യണം.

ഇവയിൽ ആദ്യത്തെ മൂന്നുകാര്യങ്ങൾ ചേപ്പാട് മാർ ദിവന്ന്യാസ്യോസ് അംഗീകരിച്ചു. പക്ഷേ സഭയുടെ സ്വാതന്ത്ര്യത്തേയും വിശ്വാസാചാരങ്ങളെയും ഹനിക്കുന്ന നിർദ്ദേശങ്ങളെ ശക്തിയായി എതിർത്തു. ഈ നിർദ്ദേശങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനാണ് 1836 ജനുവരി 16 ന് മലങ്കര സഭയുടെ പള്ളി പ്രതിപുരുഷയോഗം മാവേലിക്കര പുതിയകാവ് പള്ളിയിൽ കൂടിയത്. മിഷനറിമാരുടെ നിർദ്ദേശങ്ങൾ നിരസിച്ച് മാവേലിക്കര പടിയോല രൂപപ്പെട്ടു. ചേപ്പാട് മാർ ദിവന്ന്യാസ്യോസ് ആയിരുന്നു സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചത്.

അങ്ങനെ അദ്ദേഹം സത്യവിശ്വാസ സംരക്ഷകനായി. ബ്രിട്ടീഷ് ഭരണത്തിന്റെയും പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ സമ്മർദ്ദങ്ങളുടെയും നടുവിൽ പൗരാണിക മലങ്കര സഭയുടെ മാനം കാത്തു. വിശ്വാസ സംരക്ഷണത്തിന്റെയും ആവശ്യമായ പ്രബോധനങ്ങൾ നല്കുന്നതിലും (Apologitics & Catechism) തിരുമേനി ശ്രദ്ധിച്ചു. ഇക്കാര്യത്തിൽ സഭയുടെ നന്ദിയും സ്മരണയും ആദരവും തിരുമേനി അർഹിക്കുന്നു. ഇങ്ങനെ സ്തുത്യർഹമായി 1825 മുതൽ 1855 വരെ സഭയെ നയിച്ചു. മാവേലിക്കര സുന്നഹദോസ് വിളിച്ചുകൂട്ടിയതും പടിയോല എഴുതിയുണ്ടാക്കിയതും ചേപ്പാട് മാർ ദിവന്ന്യാസ്യോസ് തിരുമേനിയാണ്.

സി.എം.എസ്സ്. മിഷനറിമാരുമായുള്ള തുറന്ന സംഘട്ടനത്തിൽ നിന്ന് ഒഴിഞ്ഞു മാറാൻ അദ്ദേഹം

ഒരു ഉപായം പ്രയോഗിച്ചു. പാത്രിയർക്കീസിന് മലങ്കര സഭയുടെ മേൽ ഒരിക്കലും ഇല്ലാതിരുന്ന അധികാരം ഉള്ളതായി ഈ രേഖകളിൽ ചേർത്തു. അന്ത്യോഖ്യൻ മെത്രാന്മാരുടെ അധികാര മോഹത്തിന്റെ ഭവിഷ്യത്തുകൾ ശുദ്ധഗതിക്കാരനായ തിരുമേനി മുൻകൂട്ടി കണ്ടില്ല. മാവേലിക്കര പടിയോലയ്ക്കുശേഷം മലങ്കര സഭയും ആഗ്ലിക്കൻ മിഷനറിമാരും തമ്മിൽ വേർപിരിഞ്ഞുവെങ്കിലും ഒരു ആഗ്ലിക്കൻ സഭ ഇവിടെ രൂപപ്പെട്ടു.

ചേപ്പാട് മാർ ദിവന്ന്യാസ്യോസിന്റെ ഭരണകാലത്ത് നടന്ന മറ്റൊരു സംഭവമാണ് മാർത്തോമ്മാ സഭയുടെ ആവിർഭാവം. നവീകരണപ്രസ്ഥാനത്തിന്റെ നേതാവ് ഏബ്രഹാം മൽപ്പാന്റെ അനന്തരവൻ പാലക്കുന്നത്ത് മാത്യൂസ് ശെമ്മാശൻ 1842 ൽ മർദീനിലേക്കു പോയി 1843 ൽ ഏലിയാസ് പാത്രിയർക്കീസിൽ നിന്ന് മെത്രാൻ സ്ഥാനമേറ്റ് മലങ്കരയിൽ വന്നു. അങ്ങനെ സഭയിൽ വീണ്ടും വ്യവഹാരവും പിളർപ്പും ഉണ്ടായി. തന്നെ സ്ഥാനഭ്രംശം ചെയ്യിക്കുന്നതിന് ശ്രമിച്ച മാത്യൂസ് മാർ അത്താനാസ്യോസിന്റെ ശ്രമങ്ങളെ അതിശക്തമായി ചേപ്പാട് തിരുമേനി എതിർത്തു.

സഭയുടെ സത്വവിശ്വാസം കാത്തുസൂക്ഷിക്കുവാൻ വളരെ ത്യാഗങ്ങൾ സഹിച്ചിട്ടുണ്ട് ചേപ്പാട് മാർ ദിവന്ന്യാസ്യോസ്. പലപ്പോഴും ചെകുത്താന്റെയും കടലിന്റെയും നടുക്കായി നീറ്റലനുഭവിച്ചു. നവീകരണാശയങ്ങൾ പ്രചരിപ്പിച്ച ആംഗ്ലിക്കൻ മിഷനറിമാരുമായുള്ള ബന്ധം വിച്ഛേദിച്ചു. സഭയുടെ അന്തസ്സും പവിത്രതയും ഇല്ലാതാക്കുന്ന ഒന്നിനോടും വിട്ടുവീഴ്ച ചെയ്തില്ല. ബിഷപ്പ് വിൽസൺ നിർദ്ദേശിച്ച വ്യവസ്ഥകൾ തിരസ്ക്കരിച്ചു. സഭയുടെ സ്വാതന്ത്ര്യവും വ്യക്തിത്വവും വിശ്വാസാചാരങ്ങളും പരിരക്ഷിച്ചു. പ്രൊട്ടസ്റ്റന്റ് വിശ്വാസിയായിരുന്ന കേണൽ മൺറോ ചിന്തിച്ചത് റോമൻ കാത്തോലിക്കാ സഭയുമായുള്ള ബന്ധം മൂലം മലങ്കര സുറിയാനി സഭയിൽ തെറ്റായ ആചാരങ്ങൾ കടന്നുകൂടി എന്നാണ്.

തക്സായുടെയും ആരാധനാക്രമത്തിന്റെയും പരിഷ്കാരങ്ങളെ ചേപ്പാട് തിരുമേനി എതിർത്തു. വൈദീകരുടെ പരിശീലനത്തിൽ നവീകരണാശയങ്ങൾ പഠിപ്പിക്കുന്നതിനുള്ള ശ്രമങ്ങളെ സുധീരം ചെറുത്തു. വിശുദ്ധ കുർബ്ബാനയിൽ മാറ്റങ്ങൾ വരുത്തുന്നതിനെ എതിർത്തു. നവീകരണക്കാർക്ക് ഗവൺമെന്റ് തലത്തിൽ സഹായങ്ങൾ ലഭിച്ചിരുന്ന സാഹചര്യത്തിലാണ് നവീകരണത്തിന്റെ എതിരെ നിലയുറപ്പിച്ചത്. അതിനായി ഭീഷണികളും പീഢനങ്ങളും നേരിടേണ്ടി വന്നു.

മിഷനറിമാരോ അവരുമായി ബന്ധം പുലർത്തുന്നവരോ സുറിയാനിപ്പള്ളിയിൽ പ്രസംഗിക്കുന്നതിന് അനുവദിക്കരുതെന്ന് ചേപ്പാട് മാർ ദിവന്ന്യാസ്യോസ് 1837 ഏപ്രിൽ മാസത്തിൽ ഒരു സർക്കുലർ പുറപ്പെടുവിച്ചു. സുറിയാനി സഭയുടെ ആചാരങ്ങൾ ഉപേക്ഷിച്ച് പള്ളി ക്രമങ്ങളും മറ്റും വ്യത്യാസപ്പെടുത്തിയതിനാൽ അബ്രഹാം മൽപ്പാനെയും മാത്യൂസ് ശെമ്മാശനെയും മറ്റും സഭയിൽ നിന്ന് മുടക്കി.

വാർദ്ധക്യകാലത്ത് രണ്ടുതരം അപകടങ്ങൾ നേരിടേണ്ടി വന്നപ്പോൾ അവയിൽ ലഘുവായതിനെ അദ്ദേഹം സ്വീകരിച്ചു. ഒന്നാമത്തെ അപകടം, പാത്രിയർക്കീസിൽ നിന്ന് മെത്രാൻ സ്ഥാനം ഏറ്റുവന്ന മാത്യൂസ് മാർ അത്താനാസ്യോസിനെ തന്റെ പിൻഗാമിയായി സ്വീകരിക്കുക. (ഇങ്ങനെയായാൽ സഭയുടെ വിശ്വാസാചാരങ്ങൾ അദ്ദേഹം നശിപ്പിക്കും.) രണ്ടാമത്തെ അപകടം, പാത്രിയർക്കീസ് അയച്ചിട്ട് വന്ന മാർ കൂറിലോസിനെ തന്റെ പിൻഗാമിയായി നിയമിക്കുക. (ഇങ്ങനെയായാൽ ഇദ്ദേഹം സത്യവിശ്വാസം സംരക്ഷിച്ചുകൊള്ളും പക്ഷേ, അന്ത്യോഖ്യൻ നുകത്തിനു കീഴിൽ തലവയ്ക്കുകയും ഫലം). അപകടങ്ങളിൽ ലഘുവായതിനെ അദ്ദേഹം സ്വീകരിച്ചു.

അധികാര മത്സരത്തിൽ മനം മടുത്ത് മാർ കൂറിലോസിനെ ഭരണം ഏൽപ്പിച്ചശേഷം ചേപ്പാട്ട് സ്ഥിരതാമസമാക്കി. ചേപ്പാട് പള്ളി പരിസരത്ത് ഒരു മേടയും ഒരു മാളികയും നിർമ്മിച്ചു. അവിടെ അന്ത്യകാലം ചെലവഴിച്ചു. തനിക്ക് അനുകൂലമായ വിധി വന്ന ശേഷം മാത്യൂസ് മാർ അത്താനാസ്യോസ് മാവേലിക്കരയും ചേപ്പാട്ടും എത്തി. ചേപ്പാട് തിരുമേനിയെ അദ്ദേഹം സന്ദർശിച്ചപ്പോൾ യാതൊരു വിദ്വേഷവും പ്രകടിപ്പിക്കാതെ പാരിതോഷികങ്ങൾ നല്കി സ്വീകരിച്ചു. അന്ത്യകാലത്ത് ശാന്തവും ധ്യാനനിർഭരവുമായ ജീവിതം നയിച്ചു വന്നു. 1031 കന്നി 26 ന് (1855) കാലം ചെയ്തു. അന്ത്യസമയത്ത് അർശസ് രോഗം ബാധിച്ചു. ചേപ്പാട് പള്ളിയിലെ മദ്ബഹായിലുള്ള തെക്കേത്രോണോസിൽ സംസ്ക്കരിച്ചു. വിശ്വാസ സ്ഥിരത, ത്യാഗമനോഭാവം, പ്രതിയോഗിയോട് മഹാമനസ്ക്കത, മനസ്സലിവ്, അധികാരമോഹം ഇല്ലായ്മ, പ്രാർത്ഥനാജീവിതം, മഹർഷി മനസ്സ് ഇവയുടെ മകുടോദാഹരണമാണ് ചേപ്പാട് മാർ ദിവന്ന്യാസ്യോസ്.

ഫാ. പി. വി. ജോൺ ചെങ്ങന്നൂർ

സാരോപദേശകഥകൾ

# ഒരു മോതിരത്തിന്റെ കഥ



ഞാൻ ഇടയ്ക്കിടയ്ക്കു എന്റെ മോതിരവിരളിൽ കിടക്കുന്ന മോതിരത്തിൽ തൊട്ടു നോക്കുന്നതു ഒരു ശീലമായി മാറിയിരിക്കുന്നു. വെറുതെ ഇരുന്നപ്പോൾ ഞാൻ ആ മോതിരത്തിൽ ഒന്നു തൊട്ടു. അപ്പോൾ ആ മോതിരം ഗതകാല സ്മരണകളെ തൊട്ടുണർത്തി. ഒത്തിരി തവണ ആ കഥകൾ ഈ മോതിരത്തിലൂടെ ഞാൻ കേട്ടിട്ടുണ്ടു. അപ്പോഴെല്ലാം അനേകം വികാരതരംഗങ്ങൾ മനസ്സിൽ അലതല്ലി ഉയരും.

ഈ മോതിരം എനിക്കു ലഭിച്ചിട്ടു ഏതാണ്ടു 55 വർഷം കഴിയുന്നു. ഇത്രയും നാളായി അതു എന്റെ കൈവിരലിൽ നിന്നും മാറാതെ കിടക്കുന്നതിന്റെ പിന്നിലെ കഥ പറയാം.

ഞാൻ BA ഡിഗ്രി ഫസ്റ്റ് ക്ലാസ്സോടെ പാസ്സായപ്പോൾ എന്റെ ജ്യേഷ്ഠസഹോദരി എനിക്കു സമ്മാനമായി നൽകിയതാണിതു. അന്നു അമ്മാമ്മ ഇളമണ്ണൂരിലുള്ള ഒരു മിഡിൽ സ്കൂളിൽ പ്രധാന അദ്ധ്യാപികയായി സേവനം അനുഷ്ഠിക്കുകയായിരുന്നു. ഇങ്ങനെ ഒരു സമ്മാനം തരാൻ ഒരു പ്രത്യേക കാരണമുണ്ടു. ഞങ്ങളുടെ കുടുംബത്തിൽ ആദ്യമായി ഒരു ബാച്ചിലർ ഡിഗ്രി കരസ്ഥമാക്കിയതു ഞാനാണു. എന്റെ ജ്യേഷ്ഠ സഹോദരങ്ങൾ എല്ലാവരും പഠിക്കാൻ എന്നേക്കാൾ സമർത്ഥരായിരുന്നു എങ്കിലും ജീവിതസാഹചര്യം പഠനം തുടരാൻ അനുകൂലമായിരുന്നില്ല. മറ്റെല്ലാവരും SSLC കഴിഞ്ഞപ്പോൾ പഠനം നിറുത്തി. അമ്മാമ്മ മാത്രമാണു ഇന്റർമീഡിയറ്റ് വരെ പഠിച്ചതു. ഡിഗ്രിക്കു പോകാൻ സാഹചര്യം അനുവദിക്കാത്തതിനാൽ TTC ക്കു പോയി. ഞാൻ പ്രീയൂണിവേഴ്സിറ്റി പാസ്സായപ്പോൾ എന്റെ മൂത്ത സഹോദരങ്ങൾ മൂന്നു പേർ ഉദ്യോഗസ്ഥരായി കഴിഞ്ഞിരുന്നു. എന്നെ ഒരു വൈദികൻ ആക്കാമെന്നു എന്റെ മാതാപിതാക്കൾ നേർന്നിരുന്നതിനാൽ ഞാൻ സെമിനാരിയിൽ പോകാൻ താത്പര്യപ്പെട്ടു. പക്ഷേ എന്റെ സഹോദരങ്ങളുടെ നിർബ്ബന്ധമാണു ഇങ്ങനെ ഒരു വിജയത്തിനു വഴി ഒരുക്കിയതും.

അമ്മാമ്മ മോതിരം എന്റെ കൈയിൽ അണിയിച്ചിട്ടു പറഞ്ഞു. 'ഇതു അല്പം വലുതാണു. നീ വളരുന്നതല്ലേയുള്ളു. അതിനാൽ ഇപ്പോൾ ഇതു മോതിരവിരളിൽ ഇടുന്നില്ല. നടുവിരലിൽ ഇടാമെന്നു പറഞ്ഞു അതു ആ വരലിൽ ഇട്ടു തന്നു. ആ വിരലിൽ നിന്നും അതു ഊരിപ്പോകാൻ സാദ്ധ്യത ഉണ്ടു. അതിനാൽ ഇടയ്ക്കിടയ്ക്കു മറ്റു വിരലുകൾ കൊണ്ടു തപ്പി നോക്കിക്കൊള്ളണം എന്നു ഒരു ഉപദേശവും അമ്മാമ്മ നൽകി. അന്നു മുതൽ തുടങ്ങിയതാണു ഈ തപ്പി നോക്കൽ.

പക്ഷേ എന്നിട്ടും അതു ഒരു ദിവസം നഷ്ടപ്പെടുകയുണ്ടായി. അതു ഈ മോതിരത്തിനു പറയാനുള്ള മറ്റൊരു കഥയാണു.

ഞാൻ സെമിനാരി വിദ്യാഭ്യാസം കഴിഞ്ഞു ഒരു ശെമ്മാശ്ശനായി കുറെനാൾ സ്വന്തം ഇടവകയിലെ ആത്മീയസംഘടനകളിൽ പ്രവർത്തിക്കുകയുണ്ടായി. അന്നു ഞങ്ങളുടെ ഇടവകക്കു ഒരു ചാപ്പൽ കൂടെയുണ്ടായിരുന്നു. അതാകട്ടെ പരിശുദ്ധനായ പരുമല തിരുമേനി വന്നു താമസിച്ചു പണിയിച്ച ഒരു ദേവാലയമാണു. അവിടെ പ്രവർത്തിക്കുന്ന യുവജനപ്രസ്ഥാനം സജീവവുമാണു. അതിനാൽ കഴിയുന്നതും എല്ലാ ദിവസവും വൈകിട്ട് ഞാൻ അവിടെ പോകുമായിരുന്നു.

അവിടുത്തെ ചെറുപ്പക്കാരോടൊപ്പം വോളിബോൾ കളിക്കും. അതു കഴിഞ്ഞു അടുത്തുള്ള തോട്ടിൽ പോയി കൈകാലുകൾ കഴുകിയിട്ട് പള്ളിയിൽ കയറി സന്ധ്യാനമസ്കാരം നടത്തി പിരിയുമായിരുന്നു.

ഒരു ദിവസം കൈകാലുകൾ കഴുകി കയറിയപ്പോൾ ഞാൻ മോതിരം തപ്പി നോക്കി. അതു കൈയിൽ ഇല്ലായിരുന്നു. ഞാൻ എല്ലാവരെയും വിവരം അറിയിച്ചു. ഞങ്ങൾ എല്ലാവരും കൂടി അവിടെ മുഴുവൻ തിരഞ്ഞു. കിട്ടിയില്ല. സന്ധ്യയായതിനാൽ തിരച്ചിൽ നിറുത്തി സന്ധ്യാനമസ്കാരം നടത്തി. അപ്പോഴെല്ലാം എന്റെ മനസ്സു മോതിരം നഷ്ടപ്പെട്ടതു ഓർത്തു വേദനയോടെ പിടയുകയായിരുന്നു. നമസ്കാരം കഴിഞ്ഞു പിടയുന്ന മനസ്സുമായി പ്രാർത്ഥിച്ചു. ദൈവമായ കർത്താവേ ദയവുണ്ടായി നഷ്ടപ്പെട്ട എന്റെ മോതിരം തിരികെ കിട്ടാൻ ഒരു വഴി ഒരുക്കി തരേണമേ. പരിശുദ്ധനായ പരുമല തിരുമേനി അവിടുന്നു എനിക്കു വേണ്ടി അപേക്ഷിക്കേണമേ. തിരികെ കിട്ടുകയാണെങ്കിൽ അതു ദേവാലയത്തിൽ നേർച്ചയായി നൽകി കൊള്ളാം. അല്പസമയം കൂടെ മൗനമായി പ്രാർത്ഥിച്ചിട്ടു ഞാൻ തിരികെ വീട്ടിലേക്കു പോയി.

പിറ്റെ ദിവസം രാവിലെ ഒരു പത്തു മണിയായപ്പോൾ അവിടെ നിന്നും മൂന്നു നാലു ചെറുപ്പക്കാർ വളരെ സന്തോഷത്തോടെ വീട്ടിൽ വന്നു. കയറി വന്നപ്പോൾ തന്നെ ആമുഖം ഒന്നും കൂടാതെ അവർ പറഞ്ഞു. ശെമ്മാശ്ശാ മോതിരം കിട്ടി.

എന്റെ സന്തോഷത്തിനു അതിരില്ലായിരുന്നു. നന്ദി നിറഞ്ഞ ഹൃദയത്തോടെ ഞാൻ ദൈവത്തിങ്കലേക്കു മനസ്സു ഉയർത്തി പ്രാർത്ഥിച്ചു. ദൈവമേ നിനക്കു സ്തോത്രം പാടിടും ഒരായിരം സ്തുതികൾ ഞാൻ കരേറ്റിടും. അവരുടെ കൈയിൽ നിന്നും മോതിരം വാങ്ങി ഞാൻ എന്റെ വിരലിൽ ഇട്ടിട്ടു ചോദിച്ചു. ഇതു എങ്ങിനെ കിട്ടി?.

അവർ ആ സംഭവം വിവരിച്ചു. രാവിലെ തന്നെ ഞങ്ങൾ എല്ലാവരും കൂടി ചെന്നു ആ തോട്ടിൽ മുഴുവൻ തിരഞ്ഞു. കിട്ടിയില്ല. അപ്പോൾ ഞങ്ങൾക്കു തോന്നി. അല്ല ദൈവം തോന്നിച്ചു. ഒരുപക്ഷേ കളിച്ചു കൊണ്ടിരുന്നപ്പോൾ അതു ഊരി അവിടെ എവിടെയെങ്കിലും വീണതായി രിക്കും. ഞങ്ങൾ ഉടൻതന്നെ അവിടെയുള്ള കുറ്റിക്കാടുകളെല്ലാം വെട്ടി തെളിക്കാൻ തുടങ്ങി.അതു കണ്ടു അപ്പുറത്തു താമസിക്കുന്ന നമ്മുടെ റ്റീച്ചർ വന്നു കാര്യം തിരക്കി. ശെമ്മാശ്ശന്റെ മോതിരം നഷ്ടപ്പെട്ട കാര്യം ഞങ്ങൾ പറഞ്ഞു. എന്നാൽ നിങ്ങൾ നോക്കൂ. അവിടെ എവിടെങ്കിലും കാണും. അല്ലാതെ എവിടെ പോകാനാ. ദൈവം കരുണ ചെയ്യട്ടെ എന്നു പറഞ്ഞു റ്റീച്ചർ തിരികെ നടന്നു അല്പം മുന്നോട്ടു പോയിട്ടു റ്റീച്ചർ ഓടി വന്നു പറഞ്ഞു' ഇതാ ആ മോതിരം. അല്പം അകലെ നിൽക്കുന്ന വാഴ ചൂണ്ടിക്കാട്ടി പറഞ്ഞു. ആ വാഴയുടെ ചുവട്ടിൽ കിടപ്പുണ്ടായിരുന്നു. ഞാൻ നടന്നു പോയപ്പോൾ വെറുതെ ഒന്നു നോക്കിയതാ. അതാ ഇതു അവിടെ കിടക്കുന്നു. ഏതായാലും ദൈവം കരുണ ചെയ്തു. അതു എന്റെ കണ്ണിൽ തന്നെ പെടുവാൻ ഇടയായി.

അതു കേട്ടു എന്റെ മനസ്സു സന്തോഷം കൊണ്ടും നന്ദി കൊണ്ടും നിറഞ്ഞു. കുറെ സമയം ഞാൻ നിറകണ്ണുകളോടെ ദൈവസന്നിധിയിൽ മൗനമായി ഇരുന്നു.

അന്നു വൈകിട്ടു ഞാൻ ഞങ്ങളുടെ പള്ളി വികാരിയുടെ അടുക്കൽ ചെന്നു സംഭവം എല്ലാം വിവരിച്ചു. ഇതു നേർച്ചയായി സ്വീകരിക്കണമെന്നു പറഞ്ഞു മോതിരം അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു. അതു വാങ്ങി അച്ചൻ അല്പസമയം മൗനമായി ഇരുന്നിട്ടു പറഞ്ഞു. ശെമ്മാശ്ശാ, ഇതു പരിശുദ്ധനായ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയാൽ ദൈവം തിരികെ ശെമ്മാശ്ശനു നൽകിയതല്ലേ. അതു ശെമ്മാശ്ശന്റെ കൈയിൽ തന്നെ കിടക്കണം. ഇതു പള്ളിക്കു തന്നാൽ അതു അടുത്ത ഞായറാഴ്ച പരസ്യമായി ലേലം ചെയ്യും. ഇപ്പോൾ 500 രൂപയോളം വിലമതിക്കുന്ന ഇതിനു കൂടിയാൽ ഒരു 250 രൂപാ കിട്ടിയെന്നു വരാം. ഏതായാലും അതിൽ കൂടുതൽ കിട്ടില്ല. അതിനാൽ ശെമ്മാശ്ശൻ ആ അഞ്ഞൂറു രൂപ പള്ളിക്കു നൽകി ഈ മോതിരം സ്വന്തമാക്കുന്നതാണു നല്ലതു. അതു ശരിയാണെന്നു എനിക്കും തോന്നി. അങ്ങനെ ഇതാ അതു വീണ്ടും ഇപ്പോഴും എന്റെ കൈവിരലിൽ വിളങ്ങി ശോഭിക്കുന്നു.

മാസങ്ങൾ ചിലതു പെട്ടെന്നു കടന്നു പോയി. എന്റെ വിവാഹം നിശ്ചയിച്ചു. എനിക്കും വധുവിനും വസ്ത്രങ്ങളും ആഭരണങ്ങളും എടുക്കുവാനായി പോയപ്പോൾ ഞാൻ പറഞ്ഞു. ഞാൻ വിവാഹമോതിരമായി ഉപയോഗിക്കാൻ ആഗ്രഹിക്കുന്നതു ഈ പഴയ മോതിരമാണു. അതിനാൽ പുതിയതു എടുക്കേണ്ട. മാതാപിതാക്കളും സഹോദരങ്ങളും അതിനെ എതിർത്തു. പഴയ മോതിരം വിവാഹത്തിനു വാഴ്ത്താൻ കൊടുക്കുന്നതു നാണക്കേടാണ്. എങ്കിലും എന്റെ നിർബ്ബന്ധത്തിനു അവർ വഴങ്ങി.

വിവാഹം കഴിഞ്ഞു ഭാര്യയോടു ഈ മോതിരത്തിന്റെ കഥ പറഞ്ഞു. പഴയ മോതിരം ഉപയോഗിച്ചതിലുള്ള ഭാര്യയുടെ പരിഭവവും അങ്ങനെ മാഞ്ഞു പോയി.

ഇതാ ഇപ്പോഴും ആ മോതിരം ആ കഥകൾ എന്നോടു സംവദിച്ചു കൊണ്ടു എന്റെ വിരലിൽ കിടക്കുന്നു.

മോതിരം ഒരു ആഭരണം മാത്രമല്ല ഒരു അടയാളം കൂടിയാണ്. ഇതു ആദ്യം സ്നേഹത്തിന്റെയും സന്തോഷത്തിന്റയും അടയാളമായി കടന്നുവന്നു. പിന്നീടു ദൈവത്തോടും പരിശുദ്ധനായ പരുമല തിരുമേനിയോടും ഉള്ള ബന്ധത്തിന്റെ അടയാളമായി മാറി. ഇപ്പോൾ അതു വിവാഹബന്ധത്തിന്റെ കൂടെ അടയാളമായി വിരലിൽ വിരാജിക്കുന്നു.ആ മോതിരത്തിൽ വിരലുകൾ സ്പർശിക്കുമ്പോഴെല്ലാം മനസ്സു പരമകാരുണികനായ ദൈവത്തിങ്കലേക്കും മലങ്കരയുടെ മഹാപരിശുദ്ധനായ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിലേക്കും ഉയരും. ഒരിക്കലും മനസ്സിൽ നിന്നും മാഞ്ഞു പോകാത്ത ഒരു അടയാളമായി ഇന്നും എന്നും മങ്ങലേല്ക്കാതെ അതു വിളങ്ങി ശോഭിക്കുന്നു.



എ. സി. ജോയ് ചെറിയനാട്

# ഒരു അമ്മയുടെ കരുതൽ

പ്രപഞ്ചം... 

പ്രിയരെ കാലം അതിന്റെ അന്ത്യത്തിലേക്ക് കടന്നുകൊണ്ടിരിക്കുന്നതിന്റെ മധ്യത്തിലാണ് നാം ജീവിക്കുന്നത്. യേശുവിന്റെ ജനനം ഒരു യാദൃശ്ചിക സംഭവം ആയിരുന്നില്ല. യേശു ജനിക്കുന്നതിന് 750 വർഷം മുൻപ് ജീവിച്ചിരുന്ന യശയ്യാ പ്രവാചകൻ എഴുതിവെച്ചു യെശയ്യാ 7:14. അതുകൊണ്ട് കർത്താവ് തന്നെ നിങ്ങൾക്ക് ഒരു അടയാളം തരും. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവൻ ഇമാനുവേൽ എന്നു പേർ വിളിക്കും. ഒരു വൃദ്ധനായ ശീമോനെക്കുറിച്ച് നമ്മൾ പഠിച്ചിട്ടുണ്ടല്ലോ. ആരാണ് ശീമോൻ? അച്ചടി ഒന്നും ഇല്ലാതിരുന്ന കാലഘട്ടത്തിൽ വേദപുസ്തകത്തിന്റെ കൈയ്യെഴുത്തുകോപ്പികൾ പഠിച്ച് പകർത്തി എഴുതിക്കൊണ്ടിരിക്കുമ്പോൾ ശീമോൻ ഒരു വാക്യം കണ്ടു. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവനെ യേശു എന്ന പേർ വിളിക്കണം. ദൈവഭക്തനായ ശീമോന് ഈ വാക്യം അത്ര തൃപ്തികരമായി തോന്നിയില്ല. വിവാഹത്തിനു മുൻപ് ഒരു പെൺകുട്ടി ഗർഭിണിയാകുന്നത് ശരിയല്ല എന്നു തോന്നിയ ശീമോൻ ഒരു തിരുത്ത് കൊടുത്തു. സ്ത്രീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അന്ന് കുറെ എഴുതി ആദ്ദേഹം വിശ്രമിക്കാൻ പോയി. അടുത്തദിവസം വന്ന് തലേദിവസം എഴുതിയത് പരിശോധിച്ചപ്പോൾ അവിടെ ഒരു തിരുത്ത് കാണുന്നു. സ്ത്രീ എന്നത് വെട്ടിയിട്ട് അവിടെ കന്യക എന്ന് എഴുതിയിരിക്കുന്നു. അദ്ദേഹം കരുതി ആരെങ്കിലും തന്നെ കബളിപ്പിക്കാൻ ശ്രമിച്ചതാണെന്നു കരുതി അത് വെട്ടി സ്ത്രീ എന്ന് എഴുതി. ഇങ്ങനെ രണ്ട് മുന്ന് തവണ ആവർത്തിച്ചപ്പോൾ ശീമോൻ മുഴങ്കാൽ മടക്കി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു. ദൈവമേ രണ്ടുമൂന്നുതവണ ഞാൻ എഴുതുമ്പോൾ ഇങ്ങനെ ഒരു തിരുത്തുകാണുന്നു. എന്താണതിന്റെ അർഥം എനിക്ക് കാണിച്ചുതരണമേ എന്ന് പ്രാർത്ഥിച്ചു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ശീമോനോട് പറഞ്ഞു നീ ഈ കാണുന്ന സംഗതി നിന്റെ കണ്ണുകൊണ്ട് കാണുന്നതുവരെ നിനക്ക് മരണം സംഭവിക്കുകയില്ല എന്ന്. കുറെക്കഴിഞ്ഞ് ശീമോൻ എഴുത്തുപരിപാടികൾ എല്ലാം നിർത്തി ജെറുസലേം ദേവാലയത്തിൽ പോയി പ്രാർത്ഥനയോടെ കാത്തിരുന്നു. ഓരോ ദിവസവും അനേകം കുഞ്ഞുങ്ങളേം കൊണ്ട് മാതാപിതാക്കൾ ദേവാലയത്തിൽ വരും. എന്നാൽ താൻ പ്രതീക്ഷിച്ച കുഞ്ഞിനെ കാണാൻ സാധിച്ചില്ല. കാലങ്ങൾ കഴിഞ്ഞു പോയി മുടിയും താടിയുമെല്ലാം നരച്ച് പ്രാർത്ഥനയോടുകൂടി ദിവസങ്ങൾ കാത്തിരുന്നു.

നസ്രേത്ത് എന്ന ഗ്രാമത്തിൽ ഒരു ഓണം കേറാമൂലയിൽ ഒരു പരിഷ്കാരവും കടന്നുചെല്ലാത്ത സ്ഥലം. അതുകൊണ്ടാണ് ഇസ്രേയേൽ പുരോഹിതൻ ചോദിച്ചത് നസ്രേത്തിൽ നിന്നും വല്ല നന്മയും വരുമോ? ഒരു മലയുടെ ചരിവിൽ ഒരു കുടിലിൽ മറിയ എന്ന പേരായ ഒരു പെൺകുട്ടി ഒറ്റയ്ക്കിരുന്ന് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ അവളിരുന്ന ഭാഗത്ത് ഒരു പ്രകാശം കടന്നുവന്നു. ആ ഭാഗത്തേക്കവൾ സൂക്ഷിച്ചുനോക്കി. പ്രകാശം അടുത്തടുത്തുവരികയാണ് കോടിസൂര്യപ്രഭയിൽ അവൾ ആയിരിക്കുകയാണ്. ആ പ്രകാശത്തിൽ നിന്നും ഒരു ശബ്ദം കേൾക്കുന്നു. മറിയേ നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവനെ യേശുവെന്ന പേർ വിളിക്കണം. അതിന് മറിയ ഞാൻ പുരുഷനെ അറിയാകയാൽ ഇത് എങ്ങനെ സംഭവിക്കും. മറിയേ ഭയപ്പെടേണ്ട പരിശുദ്ധാത്മാവിന്റെ ശക്തി നിന്റെ മേൽ നിഴലിടും

ആകയാൽ ഉത്ഭവിക്കാൻ ഇരിക്കുന്ന പ്രജ ദൈവ പുത്രൻ എന്നറിയപ്പെടും. മറിയയുടെ ഉള്ളിൽ കൂടി ഒരു ചിന്ത കടന്നുപോയി. യഹൂദന്മാരുടെ നിയമം അനുസരിച്ച് അവിവാഹിതകൾ ഗർഭിണിയായാൽ അവളെ കല്ലെറിഞ്ഞു കൊല്ലണം എന്ന നിയമം ഒരുവശത്ത്. വിവാഹം നിശ്ചയിക്കപ്പെട്ട ജോസഫ് ഈ വിവരം അറിഞ്ഞാൽ ഉണ്ടാകുന്ന അവസ്ഥ ഇതെല്ലാം മറിയയെ അലട്ടുവാൻ തുടങ്ങി. നീതിമാനായ ജോസഫ് അവളെ രഹസ്യമായി ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. അവിടെയും ദൈവത്തിന്റെ ഇടപെടൽ ഉണ്ടായി. എന്നാൽ മറിയ ഇതെല്ലാം ഉള്ളിൽ സംഗ്രഹിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഈ സമയത്താണ് ചാർച്ചക്കാരി എലിസബത്ത് വാർദ്ധക്യകാലത്ത് ഗർഭിണിയാണെന്ന് അറിഞ്ഞ് മറിയ എഴുന്നേറ്റ് ബദ്ധപ്പെട്ട് മലനാട്ടിൽ എലിസബത്തിന്റെ അടുക്കൽ ചെന്നു. ഇന്നത്തെപ്പോലുള്ള യാത്രയല്ല, കാത്തിരുന്ന് ആ വഴിക്കു പോകുന്ന സംഘത്തിന്റെ കൂടെയാണ് യാത്ര. മറിയ എലിസബത്തിന്റെ അടുക്കൽ ചെന്ന് വന്ദനം ചൊല്ലിയപ്പോൾ എലിസബത്ത് പറയുകയാണ് നിന്റെ വന്ദനസ്വരം എന്റെ കാതിൽ മുഴങ്ങിയപ്പോൾ പിള്ള എന്റെ ഉള്ളിൽ തുള്ളി എന്ന്. എലിസബത്ത് പറയുകയാണ് എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുവാനുണ്ടായ മാനം എനിക്ക് എവിടെ നിന്നുണ്ടായി. മാതാവിന്റെ വിനയം. ലൂക്കോ 1:46-49. അപ്പോൾ മറിയം പറഞ്ഞത് എന്തെന്നാൽ എന്റെ ഉള്ളം കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. അവൻ തന്റെ ദാസിയുടെ താഴ്ചയെ കടാക്ഷിച്ചിരിക്കുന്നവല്ലോ. ഇന്നുമുതൽ എല്ലാ തലമുറയും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും. ശക്തനായവൻ എനിക്ക് വലിയവ ചെയ്തിരിക്കുന്നു അവന്റെ നാമം പരിശുദ്ധം തന്നെ. 6 മാസം മറിയം അവിടെ പാർത്ത് മടങ്ങിവന്നു. ഈ സമയത്താണ് പേർവഴി ചാർത്താൻ അവരവരുടെ ദേശത്തേക്ക് പോകണം എന്ന് കൽപ്പന വന്നത്. പൂർണ്ണ ഗർഭിണിയായ മറിയയെക്കൊണ്ട് ബേത്‌ലഹേമിൽ എത്തി. എവിടെയും പിറക്കുവാൻ സ്ഥലം ലഭിച്ചില്ല. ഒടുവിൽ വഴിയമ്പലത്തിൽ പ്രസവിച്ച് സ്ഥലമില്ലാതെ പുൽത്തൊഴുത്തിൽ കിടത്തി. യഹൂദന്മാരുടെ ആചാരപ്രകാരം 40 ദിവസം പ്രായമായ യേശുവിനെയുംകൊണ്ട് കന്യക മറിയയും യോസേഫും കൂടി ജറുസലേം ദേവാലയത്തിന്റെ പടികൾ കയറി അകത്തുവരുമ്പോൾ ശീമോന്റെ ഉള്ളിൽ പരിശുദ്ധാത്മാവ് വന്നു. ശീമോൻ ഓടി വന്ന് കുഞ്ഞിനെ കൈകളിൽ എടുത്തു. ആർത്തിയോടെ അതിന്റെ മുഖത്തേക്കുനോക്കി. ഇപ്പോൾ നാഥാ തിരുവചനം പോലെ അടിയനെ സമാധാനത്തോടെ വിട്ടയക്കുക. ഒരിക്കൽ കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും എന്ന് തിരുവെഴുത്തിൽ എഴുതിയാപ്പോൾ എനിക്ക് വിശ്വസിക്കാനായില്ല. ഇപ്പോൾ എന്റെ കണ്ണുകൾ കൊണ്ട് കണ്ടിരിക്കുന്നു എന്നു പറഞ്ഞ് കുഞ്ഞിനെ അനുഗ്രഹിച്ചു അമ്മയുടെ കൈകളിൽ കൊടുത്തിട്ട് പറഞ്ഞത് ലൂക്കോ 2:35 നിന്റെ സ്വന്തം പ്രാണനിൽ കൂടെ ഒരു വാൾകടക്കും എന്നു പറഞ്ഞു. ആ അമ്മയുടെ ഹൃദയത്തിലൂടെ എത്രയെത്ര വാൾ ആണ് കടന്നുപോയത്. ലൂക്കാ. 2:40 പൈതൽ വളർന്ന് ജ്ഞാനം നിറഞ്ഞ് ദൈവകൃപ അവന്റെമേൽ ഉണ്ടായിരുന്നു. ലൂക്കാ 2:50. പിന്നെ അവൻ അവരോടുകൂടി ഇറങ്ങി നസത്തിൽ വന്ന് അവർക്ക് കീഴടങ്ങിയിരുന്നു. ഇന്ന് മക്കൾ മാതാപിതാക്കളെ അനുസരിക്കുന്നില്ല. ഏഴിലും എട്ടിലും പഠിക്കുന്ന കുട്ടികൾ ഇന്ന് രാസലഹരിക്ക് അടിമപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരമ്മയുടെ 9-ലും 7-ലും പഠിക്കുന്ന രണ്ട് കുട്ടികൾ വൈകിട്ട് താമസിച്ചാണ് എത്തിയത്. 9-ൽ പഠിക്കുന്ന കുട്ടിയുടെ കണ്ണ് ചുവന്നിരിക്കുന്നു. അവളുടെ സ്വഭാവത്തിന് എന്തോ മാറ്റം. അമ്മ ചേദിച്ചപ്പോൾ പറഞ്ഞു ഒന്നുമില്ലെന്ന്. അവളുടെ അനിയത്തിയോടു പറഞ്ഞു എന്റെ കൂടെയുള്ള കുട്ടികൾ കഞ്ചാവ് ബീഡികൾ വലിപ്പിച്ചെന്ന്. അവർ സ്കൂളിൽ പോയി റ്റി. സി. മേടിച്ചു. പ്ലസ്ടുവിൽ പഠിപ്പിക്കുന്ന ടീച്ചർ പറയുകയാണ് പ്ലസ്ടുവിൽ പഠിക്കുന്ന 9 കുട്ടികളെ ഒരു പോലീസ് ജീപ്പിൽ കയറ്റി സ്കൂളിൽ കൊണ്ടുവന്നു. അവർക്ക് ലഹരി വസ്തുക്കൾ വിൽപ്പനയുണ്ടെന്ന്. ഒരു ഗ്രാം എം.ഡി. എം.എ.യ്ക്ക് 15000 രൂപയാണ്. 250 ഗ്രാമിന് അരക്കോടി രൂപയാണ്. ഇത് ഉപയോഗിച്ചു കഴിയുമ്പോൾ എന്താണ് ചെയ്യുന്നതെന്ന് അവർക്കറിയില്ല. ജൂലൈ 24 തിങ്കളാഴ്ച മനോരമയിൽ വന്ന ഒരു ഞെട്ടിക്കുന്ന വാർത്ത് കൊല്ലത്ത് മാനസികവെല്ലുവിളി നേരി ടുന്ന ഒരമ്മയെ രോഗം ഭേദമായെന്ന് ആശുപത്രിയിൽ നിന്നും വിളിച്ചു പറഞ്ഞതനുസരിച്ച് മകൻ വിളിച്ചുകൊണ്ടുവന്നു. രണ്ട് ദിവസം കഴിഞ്ഞ് അമ്മയ്ക്ക് ആശുപത്രിയിൽ പോകണം എന്ന് പറഞ്ഞു. മകൻ അമ്മയെ വിളിച്ചുകൊണ്ട് ബൈക്കിലിരുത്തി ടൗണിലെത്തിയപ്പോൾ കയ്യിൽ കരുതിയ കത്തിയെടുത്ത് കുത്തിക്കൊന്നു. ആളുകൾ ഓടികൂടിയപ്പോൾ അവരെ ഭീഷണിപ്പെടുത്തി. അവൻ ഒരു ട്രക്കിൽ കയറി രക്ഷപ്പെടാൻ ശ്രമിച്ചു. നാട്ടുകാർ പിടികൂടി പോലീസിൽ ഏൽപ്പിച്ചു. അവൻ ലഹിരിയ്ക്ക് അടിപ്പെട്ടയാളാണ്. ഓരോ ദിവസത്തെയും വാർത്ത പരിശോധിച്ചാൽ ഇതിന്റെയെല്ലാം അവസാനം എന്താകുമെന്ന് പറയാൻ സാധിക്കുകയില്ല. മെയ് 29 തിങ്കളാഴ്ച മനോരമയിൽ വന്ന ഒരു വാർത്ത സ്വപ്നമായിരുന്ന മക്കൾ ഇപ്പോൾ പേടിസ്വപ്നമായിരിക്കുകയാണ്. ഒരു പോലീസ് ഉദ്യോഗസ്ഥന്റെ മകൻ ലഹരിക്കടിമപ്പെട്ട് അവന്റെ ചികിത്സയ്ക്കും മറ്റുമായത് 20 ലക്ഷം രൂപ. ലഹരിയി

ല്ലാതെ അവന് ജീവിക്കുവാൻ സാധിക്കുകയില്ല. അവന്റെ പിതാവ് പെൻഷനായി ആ അമ്മയുടെ സങ്കടം. ഇതുപോലെ എത്രയെത്ര സംഭവം. നല്ല കുട്ടികളെ കൂടി കൂട്ടുകാർ ചേർന്ന് അപകടത്തിൽ പെടുത്തുകയാണ്. നാം ഉണർന്ന് പ്രവർത്തിച്ചേ മതിയാകൂ. 2020 ലെ കൊറോണ എന്ന മാഹാമാരിയിൽ നിന്ന് മനുഷ്യൻ പാഠം പഠിച്ചിട്ടില്ല. കേരളത്തിൽ നിന്നും മാത്രം അരലക്ഷം ആളുകൾ മരിച്ചുമാറി. 2018 ലെ വെള്ളപ്പൊക്കത്തിൽ നിന്നും നാം ഒരു പാഠം പഠിച്ചു. പണവും സ്വാധീനവും നമ്മെ രക്ഷിച്ചില്ല. മതവും രാഷ്ട്രീയവും രക്ഷിച്ചില്ല. ഒരുപറ്റം ആളുകളുടെ കരുണ മാത്രമാണ് രക്ഷിച്ചത്.

പ്രിയരെ ഇതെല്ലാം കാണുമ്പോൾ അവൻ അടുക്കൽ വാതിൽക്കൽ തന്നെയാണെന്ന് അറിഞ്ഞു കൊള്ളുക. അനീതിയും അക്രമവും കൊലപാതകങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മൊബൈൽ വരുത്തിവെയ്ക്കുന്ന വിനകൾ ചില്ലറയല്ല. 05.08.2023-ൽ പരുമല ആശുപത്രിയിൽ നടന്ന സംഭവം നമ്മൾ വായിച്ചല്ലോ. ആയിരക്കണക്കിനാളുകൾ വരുന്ന സ്ഥലത്ത് നേഴ്സിന്റെ വേഷത്തിൽ എത്തി പ്രസവിച്ചു കിടക്കുന്ന ഒരുത്തിയുടെ കൈയ്യിൽ എയർ കുത്തിവെച്ച് കൊല്ലാൻ ശ്രമിച്ചത്. പോലീസ് മേധാവികൾ പറയുന്നത് ഇങ്ങനെ ഒരു സംഭവം ആദ്യമായിട്ടാണ് അവർ കേൾക്കുന്നത് എന്ന്. എവിടെയും ഒരു സമാധാനം ഇല്ല. വീട്ടിലെ അന്തരീക്ഷമാണ് കുഞ്ഞുങ്ങളെ നല്ലതും ചീത്തയുമാക്കുന്നത്. എട്ടാം ക്ലാസ്സിൽ പഠിക്കുന്ന ഒരു പെൺകുട്ടിയുമായി എന്റെ സ്നേഹിതൻ അച്ചന്റെ അടുക്കൽ കൗൺസിലിംഗിന് അവളുടെ അമ്മ കൊണ്ടുപോയി. അവിടെ ചെന്ന സമയം മുതൽ ആ കുട്ടിയുടെ കുറ്റം അച്ചനോടു പറഞ്ഞുകൊണ്ടിരുന്നു. കുറെ കഴിഞ്ഞപ്പോൾ അച്ചൻ ആ അമ്മയോടു പറഞ്ഞു കുറച്ചുനേരം പുറത്തിരിക്കു എനിക്ക് ഈ കുട്ടിയോട് സംസാരിക്കണം. അമ്മ പോയി കഴിഞ്ഞപ്പോൾ കുട്ടി കരയുവാൻ തുടങ്ങി. അച്ചൻ ആ കുട്ടിയെ സമാധാനിപ്പിച്ചു. കുട്ടി അച്ചനോടു പറഞ്ഞു അച്ചാ എന്റെ ചേച്ചിക്കു നല്ല മാർക്ക് ലഭിക്കും എനിക്ക് അത്രയൊന്നും കിട്ടുകയില്ല. അമ്മ ചേച്ചിയെ മോളെ മോളെ എന്നു വിളിക്കും. എന്നെ കഴുതേ കഴുതേ എന്നു വിളിക്കും. മക്കളെ സ്നേഹിക്കാവാൻ പഠിക്കണം. പലവീടുകളിലും പ്രായമായ മാതാപിതാക്കൾ ഒരു അധികപറ്റായിരിക്കുകയാണ്. ശതകോടീശ്വരനായ ഗോകുലം ഗോപാലൻ ഒരിക്കൽ അബുദാബിയിൽ ഒരു പ്രോഗ്രാമിനു വന്നപ്പോൾ അദ്ദേഹം നടത്തിയ ഒരു പ്രസംഗം എല്ലാവരുടെയും കണ്ണുകൾ ഈറൻ അണിയിച്ചു. അദ്ദേഹത്തിന് കോഴിക്കോട് വടകരയിൽ ഒരു മെഡിക്കൽ കോളേജ് ഉണ്ട്. അതിനോട് ചേർന്ന് മനോഹരമായി പണികഴിപ്പിച്ച ഒരു വൃദ്ധസദനം ഉണ്ട് അവരെ നോക്കുവാൻ ഡോക്ടർ, നേഴ്സ്, വസ്ത്രങ്ങൾ, മരുന്ന്, ആഹാരം നല്ലരീതിയിൽ അത് പ്രവർത്തിക്കുന്നു. ഒരു ദിവസം ഒരു ചെറുപ്പക്കാരൻ അദ്ദേഹത്തിന് ഫോൺ ചെയ്തു ഹലോ ഗോപാലൻ സാറല്ലേ? അതേ. എന്തുവേണം? വിളിച്ചയാൾ പേരും അമ്മയുടെ പേരും പറഞ്ഞു. എന്റെ അമ്മ കുറെ നാളുകളായി അവിടെയാണല്ലോ താമസിക്കുന്നത്. ഇത്രയും നാൾ സാർ നോക്കിയതിന് വളരെ നന്ദിയുണ്ട്. എന്നിട്ട് മടിച്ചു മടിച്ചു അവൻ എന്നോടു പറയുകയാണ് ഇനിയുള്ള കാലവും സാർ നോക്കുന്നതാണ് നല്ലതെന്ന് എനിക്കുതോന്നുന്നു. അമ്മയെ ഇവിടേക്കു വിടണ്ട. ഒരാഴ്ചകൊണ്ട് മകൻ വിളിക്കാൻ വരുമെന്നു പറഞ്ഞ് തുണിയെല്ലാം കെട്ടി ഭാണ്ഡമാക്കി വെച്ചിരിക്കുകയാണ് അമ്മ. ഗോപാലൻ സാർ പറയുകയാണ് ഇത് ഞാൻ എങ്ങനെ അവരോടു പറയും. ഒരാഴ്ച കഴിഞ്ഞ് വേറൊരു ചെറുപ്പക്കാരൻ വിളിച്ചു ഗോപാലേട്ടൻ അല്ലേ. അതേ. അവന്റെ പേരു പറഞ്ഞു. അമ്മയുടെയും പേരുപറഞ്ഞു. സാർ ഞാൻ എന്റെ അമ്മയെ തിരിച്ചുകൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു. ഗോപാലേട്ടന് വളരെ സന്തോഷമായി. പിന്നീട് അവൻ പറഞ്ഞ കാര്യം സാർ ഇപ്പോൾ ഒരു വേലക്കാരെ കിട്ടാൻ വളരെ ബുദ്ധിമുട്ടാണ്. ഞാൻ ഒത്തിരി അന്വേഷിച്ചു കിട്ടിയില്ല. അപ്പോഴാണ് അമ്മയുടെ കാര്യം ഓർത്തത്. അമ്മയുണ്ടല്ലോ. അമ്മ വന്നാൽ ഞങ്ങൾക്ക് ഒരു സഹായമാകും. ഗോപാലേട്ടൻ പറയുകയാണ് ഇവിടെ സുഖമായി താമസിക്കുന്ന അമ്മ അവന്റെ വീട്ടിൽ അടുക്കളപ്പണിക്ക് ചെല്ലാൻ എന്ന് ആ മഹാപാപി എന്നോടു പറഞ്ഞു. ഇത് ഞാൻ അവരോടു പറഞ്ഞാൽ അവർ ചങ്കുപൊട്ടി മരിക്കും. ഇത് കേട്ടപ്പോൾ അവിടെയിരുന്ന ആളുകളുടെ കണ്ണ് നിറഞ്ഞു. അച്ഛനേയും അമ്മയേയും വേണ്ടപോലെ നോക്കാതെ അവർ മരിച്ചുകഴിഞ്ഞ് തണുത്ത് മരവിച്ച് കിടക്കുന്ന ശരീരത്തിൽ കെട്ടിപിടിച്ച് കരഞ്ഞതു കൊണ്ട് നെറ്റിയിൽ ചുംബിച്ചതുകൊണ്ടോ, ആർഭാടമായി ശവമടക്കിയതുകൊണ്ടോ ഒരു പ്രയോജനവും ഇല്ല. ''നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടെ ഇരിക്കുവാനും നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്കുക. ഇത് വാഗ്ദത്തത്തോടുകൂടിയ ആദ്യകൽപ്പനയാകുന്നു''. യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നിൽക്കുന്നതു കണ്ടിട്ട് സ്ത്രീയെ ഇതാ നിന്റെ മകൻ എന്ന് അമ്മയോടു പറഞ്ഞു. പിന്നെ ശിഷ്യനോട് ഇതാ നിന്റെ അമ്മ എന്ന് പറഞ്ഞു. ആ നാഴിക മുതൽ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൊണ്ടുപോയി യോഹ. 19:26-27. ക്രൂശിൽ പിടഞ്ഞു മരിക്കുമ്പോഴും തന്റെ അമ്മയെക്കുറിച്ചുള്ള കരുതൽ.



MINISTRY OF HUMAN EMPOWERMENT DIOCESE OF CHENGANNUR

**Fr. Dr. Renny Thomas**
Co-ordinator, Ministry of
Human Empowerment (MOHE),
Chengannur Diocese

# The Family Disease

## Introduction

The family is the key institution in our society where people find attachment, care, and socialisation. The individual using substances has a distinct impact on each family and family member, including but not limited to unmet developmental requirements, impaired attachment, financial difficulties, legal issues, emotional pain, and occasionally violence being committed against him or her.

## Addiction and Family

The effects of addiction on the entire family are numerous. Which family member is experiencing the difficulty will determine the specific effects. Everything is at stake, including safety, finances, and relationships. Strained relationships, financial difficulties, and an increased risk of abuse are just the beginning. Not many families experience the same effects to the same degree since every family has a unique dynamic. Whatever the case, there is no doubt that addiction has an impact on the entire family.

Relationships are strained by addiction, regardless of which family member is struggling. Whether it is a parent, child, spouse, or sibling doesn't matter. To some extent, every member of the family struggles alongside the addict. Each person in the family faces a daily challenge when living with someone who is an active addict.

Other family members also react differently. Some family members withdraw from the group to avoid interacting with the addict. They do not want to be caught up in the chaos of addiction. Some assume the opposing position and attempt to sway or exert control over the addict to encourage them to quit or seek help. Others choose the middle path and try to blend in.

## Effects of Addiction on a Family

Addiction has a variety of repercussions on the person struggling with addiction, and it also has a different set of effects on the family. The specific results vary depending on factors, including which family member suffers from addiction, the children's ages, or if they live with their parents. Although not all families have the same impacts, they are frequently at least somewhat comparable.

**(a) Financial Hardship**

Many addicts spend their whole income on the drugs they require. They may struggle to hold a job; therefore they need assistance with money, food, shelter, or other necessities.

**(b) Increased Risk of Abuse**

People become unpredictable and challenging to manage when addiction worsens. They lash out at people closest to them while acting erratically, impatient, and angry. Alcohol and

drugs have an impact on one's inhibitions. Under the influence, people are more inclined to behave inappropriately. A greater chance exists that an addict will use violence against family members.

**(c) Modelling**

The probability that another family member will start using drugs is another effect of addiction on the family system. Substance abuse frequently "runs" in families. The likelihood of a family having more than one member with substance use is high. This develops yet another habit of addiction, and the cycle repeats itself.

**(d) Broken Families**

A person who struggles with addiction usually pushes their family members to their limits.

Some use it to the point that their spouse or the state declares them incapable of caring for their children. Children who lose a parent or parents to drugs are left with feelings of abandonment and betrayal.

**Effects on Children**

Typically, a person who battles addiction strains the relationships with their family.

Some people abuse to the point that their partner or the law declares them incapable of raising their children. Children who lose one or both of their parents to drug use often feel abandoned and betrayed.

Factors determine how addiction affects a child:

- whether they are from a two - parent or a single - parent family
- whether one or both parents have addiction problems

There is no one for the children of drug-abusing single parents to turn to. Children in two-parent homes where both parents are suffering can relate to this. Another parent can step in when only one parent is having a problem. Even if they still receive some care, they are nonetheless affected by drug addiction.

Children who live with an addict develop in an unpredictably secretive and role-reversing environment. They get intermittent emotional and physical support. These surroundings impact a child's social development, self-confidence, health, and other factors. These children are far more likely to experience abuse or violence.

**Effects on Parents**

Parents with a child struggling with addiction have a unique set of challenges. They are plagued by concerns about their well-being and safety all the time. They could ponder their mistakes and feel responsible for their child's fate.

**Effects on Siblings**

Siblings of the addicts are occasionally referred to as the "invisible victims." These siblings experience various feelings, including uncertainty, irritation, embarrassment, and resentment. Parents frequently become preoccupied with the addicted sibling. Their persistent problems, which are getting worse, divert attention from the other children.

Some siblings choose to veer away from the path their sibling(s) chose. They know how addiction affects their family and choose not to worsen matters. Others, imitating their siblings, also turn to drugs or alcohol. They use drugs to ease the pain or get their parent's attention.

**Family Roles in Addiction**

Each family member finds their approach to tackling the issue when a family member struggles with addiction. The five unique roles that family members may play in coping with a loved one's substance use are emphasised by clinicians. Families can have one member who fills each role, members who play various roles, or specific roles that may not exist in their family.

The six family roles in addiction are a straight forward method to see how addicts' families interact with their loved ones. All these roles make sense although none is a healthy way to get through a difficult situation.

**(i) The Addict**

The addict is the family's primary focus and the one who has a problem with substance usage. They are primarily to blame for most domestic

disputes, directly or indirectly. Addicts frequently act and behave in the most comfortable way, regardless of the consequences for their families. They might not know how much the family dynamics revolve around them.

**(ii) The Caretaker**

The caretaker is the family member who defends or justifies the addict and the issues they cause. They take on numerous domestic responsibilities to "maintain the peace" and do their utmost to ensure the family is as happy as possible. The caregiver's motivation for being there for the addict keeps the cycle going. Caretakers are also family martyrs since they give their lives for what appears to be the family's benefit.

**(iii) The Hero**

The hero acts similarly to a caregiver but abstains from helping the addict. Instead, they do everything they can to ensure the family appears normal. They try to maintain harmony inside the home and keep up appearances outside. Heroes are frequently the proverbial "golden child": responsible, independent, and perfectionist. However, their shiny façade just masks the mounting suffering they experience inside.

**(iv) The Scapegoat**

The "problem child" is the opposite of the hero, the scapegoat. They frequently display disobedience and develop hostility toward the rest of the family. By engaging in hazardous behaviours, they attempt to bring attention to themselves rather than makeup for the family's disturbance. This diverts the attention from the addict in another way, yet the cycle is still in motion.

**(v) The Mascot**

The funny member of the family is the mascot. They try to reduce the turmoil and stress by distracting people with humour or silly behaviour. Mascots frequently move around and try to cheer up the rest of the family with their pranks. This strenuous duty spares the mascot from considering the impact of their family dynamic.

**(vi) The Lost Child**

The family's silent member is the lost child. They try to avoid getting in the way and causing any more trouble. The lost child observes the chaos among their family members and tries disappearing into the background. Younger or middle-aged children accustomed to their elder siblings taking the lead are likelier to be lost. They all but disappear amidst the chaotic environment in their home.

**Treatment**

Treatment can be received at home, as an outpatient at the hospital, in a residential facility, or in a sober living environment. Most treatment plans involve some of the following components, though they may vary depending on the kind of drug addicted to, their age, and any other problems they may be dealing with:

- Detox to clear out the body of drugs, manage withdrawal symptoms, and achieve stability.
- Treatment for any co-occurring mental health problems.
- Counselling, whether individual, group or family therapy - or a combination of all three - to tackle the underlying cause of the drug use and discover healthier coping mechanisms.
- Medication to help with withdrawal or treat any co-occurring disorders.
- Ongoing peer support meetings, such as a 12-step program, to keep the healing process moving forward and preserve sobriety.

**Conclusion**

Addiction to drugs or alcohol causes social problems by means of developing broken families. The drastic effect of addiction in the family system requires immediate attention and efficient interventions. Children should grow up in a healthier and more caring environment since they are the future of our nation. To improve their living conditions and quality of life, policies and programmes are inevitable. We must eliminate this "family disease" from our society to establish a child-friendly environment for future generations.

ഫാ. ബെഞ്ചമിൻ തോമസ്
(കൂനൻ കുരിശു തീർത്ഥാടന കേന്ദ്രം, മട്ടാഞ്ചേരി)

# ജീവിത വഴിയിൽ "പുത്തൻ തീ" പരത്തിയ പുണ്യവാൻ



പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിത വിശുദ്ധിയുടെ ആഴം ഒരു 'അത്ഭുതം' ആയി കണ്ടതുകൊണ്ടാണ് പരുമല തിരുമേനി ഒരു സിദ്ധൻ തന്നെ എന്ന് തകഴി ശിവശങ്കരപ്പിള്ള പരി. പരുമല തിരുമേനിയെ കുറിച്ച് വിശേഷിപ്പിച്ചത്. ജീവിത വഴിത്താരയിൽ അത്ഭുതകരമായ "പുത്തൻ തീ" പരത്തിയ ഒരു 'അത്ഭുതം/നെസ്' ആണ് തിരുമേനിയുടെ ധന്യജീവിതം.

**1. "നെസ്' : ദൈവീക ഇടപെടൽ**

"നെസ്" എന്ന ചെറിയ ഹീബ്രു വാക്കിന് 'അത്ഭുതം' എന്നാണർത്ഥം. അത്ഭുതങ്ങളിൽ അമാനുഷികത ഉണ്ടെന്നു യഹൂദ റബ്ബി യിസ്സാഖാർ പറയുന്നതിന് കാരണം അതിൽ ദൈവീക ഇടപെടൽ ഉണ്ടെന്നതിനാലാണ്. തിരുമേനിയുടെ ജീവിത കാലത്തു തന്നെ അനേകർക്കു ലഭിച്ച സൗഖ്യം, ദുരാത്മബാധയുടെ വിടുതൽ, സ്ലീബായുടെ റൂശ്മായാൽ ഡിക്രൂസ് സായിപ്പിനെപോലും അമ്പരപ്പിക്കും വിധം സൂര്യൻ മറഞ്ഞതും, പുലിക്കോട്ടിൽ തിരുമേനിയുടെ ജൂബിലി സ്മരണയിൽ ഉണ്ടായ മഴയെ മാറ്റിയതും, മക്ക ളില്ലാതിരുന്ന സാധു സ്ത്രീയുടെ സങ്കടം കണ്ടു ധൂപക്കുറ്റിയിലെ കരി പ്രാർത്ഥിച്ചു നൽകിയ അനുഗ്രഹത്താൽ പൈതലിനെ ലഭിച്ചതും, അഴിപ്പുരയിൽ ഉലാത്തുമ്പോൾ സ്ലീബായുടെ റൂശ്മായാൽ ഭീകര രൂപം അലറിക്കൊണ്ട് പാഞ്ഞതുമായ നിരവധി കാര്യങ്ങളിൽ, ദൈവീക ഇടപെടൽ ഉള്ളതിനാൽ ഇവയെല്ലാം തിരുമേനിയിലൂടെ നടന്ന അത്ഭുതം നെസ് (miracle) എന്നതിൽ ആർക്കും സംശയമില്ല.

**2. നെസ് : മരണത്തിൽ നിന്നും വിടുതൽ**

'നെസ്' എന്ന ഹീബ്രു വാക്കിന് (നൂൻ/സാമേഖ് എന്ന രണ്ട് അക്ഷരങ്ങൾ ആണുള്ളത് :

a. ഒന്നാമത്തേത് നൂൻ എന്ന അക്ഷരം: സങ്കീർത്തനം 145 ൽ ഓരോ വാക്യത്തിന്റെ ആരംഭവും ഹീബ്രു അക്ഷരമാലയിലെ ഓരോ അക്ഷരക്രമത്തിലാണ് വരുന്നതു. എന്നാൽ 145:13 കഴിഞ്ഞാൽ നൂൻ എന്ന അക്ഷരം ഇവിടെ ഒഴിവാക്കപ്പെട്ടിരിക്കുന്നതായി കാണാം. എന്തേ അതിനു കാരണം?. അതിനു കാരണം ആമോസ് 5:2 ൽ യിസ്രായേലിന്റെ വീഴ്ച്ച രേഖപെടുത്തിയിരിക്കുന്ന "നെപ്ലാഹ്" എന്ന വാക്കിൽ നൂൻ എന്ന അക്ഷരം ആണ് ഉപയോഗിച്ചിരിക്കുനത്. തൽമൂദിൽ നൂൻ എന്ന അക്ഷരം ഋല്യൂലലിലീ ചെയ്യുന്നത് വേർപാട്, വീഴ്ച, കഷ്ടപ്പാട്, നിർഭാഗ്യം. ഇവയൊക്കെയാണ്.

b. രണ്ടാമത്തേത് സാമേഖ് എന്ന അക്ഷരം സങ്കീർത്തനം 145:14 ൽ വീഴുന്നവരെയെല്ലാം യെഹോവ 'താങ്ങുന്നു'. ഇവിടെ 'താങ്ങുന്നു' എന്ന വാക്കിന് സാമേഖ് എന്ന അക്ഷരം ആണ് ഉപയോഗിച്ചിരിക്കുന്നത്. സാമേഖ് എന്ന അക്ഷരം represent ചെയ്യുന്നത് : രക്ഷ, വീണ്ടെടുപ്പ്, താങ്ങുക, ഉയർത്തുക ഇവയൊക്കെയാണ്. സോമേഖ് എന്ന വാക്കിന് പിന്നാലെ യാഹ്വെ എന്ന വാക്ക് വന്നിരിക്കുന്നതിനാൽ വീഴുന്നവരെയെല്ലാം യെഹോവയാണ് താങ്ങി എഴുന്നേൽപ്പിക്കുന്നത് എന്നതിന് ശക്തിയേറുകയാണ്.

കുറച്ചു നാൾ മുൻപ് തിരുമേനി പാർത്ത കൂനൻ

കുരിശ് തീർത്ഥാടന കേന്ദ്രത്തിൽ വന്ന ഒരമ്മ കണ്ണീരോടെ പറയുകയാ ഇത് ഞങ്ങളുടെ തമ്പാനാണ്. ചാത്തുരുത്തി ഭവനത്തിൽ ശുശ്രൂഷ ചെയ്തവരിലെ ഇളം തലമുറക്കാരിയാണിവർ. ബാല്യത്തിൽ തന്നെ തിരുമേനിയുടെ അമ്മയുടെ മരണം, തിരുമേനി ഏറെ പ്രിയം വച്ച മൽപാനച്ചന്റെ മരണം, മാരകമായ വസൂരിയിൽ പെട്ട് തമ്പ്രാൻ മരണപ്പെടുമോ എന്നു ഭയപ്പെട്ട ദിനങ്ങൾ. ഉദര സംബന്ധമായ രോഗത്തിന്റെ കാഠിന്യം അങ്ങനെ നൂൻഎന്ന അക്ഷരം സൂചിപ്പിക്കുന്ന അഗ്നിശോധനകളിൽ കൂടി തിരുമേനിക്ക് കടന്നു പോകേണ്ടി വന്ന അവസ്ഥകൾ ഏറെയായിരുന്നു. മാതാവ് നഷ്ടപെട്ട തിരുമേനി മരണശയ്യയിൽ കിടന്നു കൊണ്ട് പരിശുദ്ധ അമ്മയോട് അപേക്ഷിക്കയിൽ കന്യാസ്ത്രീ അമ്മ പ്രത്യക്ഷമായി. മാരകമായ വസൂരിയിൽ (വമലാഃീ്യവമഴശര) നിന്നും സാമേഖ് എന്ന അക്ഷരം സൂചിപ്പിക്കുന്ന മരണത്തിൽ നിന്നും ദൈവം തമ്പ്രാന് വിടുതൽ നൽകി എന്നത് ''അത്ഭുതം'' (നെസ് അല്ല ഏവരെയും അത്ഭുതപ്പെടുത്തിയ ഉയരത്തിൽ നിന്നുള്ള ദൈവീക ഇടപെടലായ മഹാത്ഭുതം തന്നെയാണത്.

**3. ''നെസ്'': ''പുത്തൻ തീ'' പരത്തിയ പുണ്യവാൻ**

1895 ൽ പരിശുദ്ധ പരുമല തിരുമേനി ഊർശലേം യാത്ര ചെയ്യുകയിൽ സഹയാത്രികൻ കടലിൽ പോയോ എന്ന ഭയം, കാറ്റിലും കോളിലും കപ്പൽ തകരുമോ എന്ന ഭീതി തുടങ്ങി കപ്പലിലുണ്ടായ മറ്റു അനിഷ്ട സംഭവങ്ങളിൽ ഉയരത്തിൽ നിന്നുള്ള ദൈവീക ഇടപെടലിനെ ഏറെ അത്ഭുതം/നെസ് എന്ന് തിരുമേനി തന്നെ പറയുന്നുണ്ട്. ഒരു ഭക്തന്റെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ഉയരത്തിൽ നിന്നുള്ള ഇടപെടലിനാൽ ആകയാൽ അതെല്ലാം അത്ഭുതം തന്നെയാണ്. അവിശ്വാസ വാക്ക് എപ്പോഴും പറയുന്ന മനുഷ്യൻ ICU ൽ കിടന്ന് ശ്വാസത്തിനായി തന്റെ മകൻ പിടയുമ്പോൾ കരങ്ങൾ കൂപ്പുന്നുണ്ട്. തിരുമേനിയുടെ മധ്യസ്ഥതയ്ക്കായി അയാൾ പ്രാർത്ഥിക്കുകയാണ്. സ്വന്തം മകന്റെ ശ്വാസം തിരികെ കിട്ടിയപ്പോൾ തന്റെ മകന്റെ ശ്വാസം തിരികെ കിട്ടിയത് ഉയരത്തിൽ നിന്നുള്ള ഇടപെടലായ അത്ഭുതം( നെസ് എന്നയാൾ വിളിച്ചു പറയുകയാ.

ഉയിർപ്പു പെരുന്നാൾ ദിനത്തിൽ കർത്താവിന്റെ കബറിൽ നിന്നും പ്രത്യക്ഷപ്പെടുന്ന ''പുത്തൻ തീ'' കാണുവാൻ തിരുമേനി അതിയായി ആഗ്രഹിച്ചു. ഇത് കർത്താവിന്റെ കബറിടത്തിൽ നിന്നും തനിയെ ഉണ്ടാകുന്ന ''ദിവ്യാത്ഭുതം'' ''നെസ്'' ആണെന്ന് തിരുമേനി സാക്ഷ്യപെടുത്തുന്നു. ഒരിക്കൽ സാധുക്കളായ ക്രിസ്ത്യാനികളെ കൃംതായിൽ കർത്താവിന്റെ കബറിനരികെ പ്രവേശിപ്പിക്കാതെ പുറത്തു നിർത്തിയതിനാൽ അവർ നിന്നിരുന്ന പൂട്ടപ്പെട്ട വാതിലിന്റെ ഒരു 'കൽത്തൂണു പിളർന്നു' ''പുത്തൻ തീ'' ആദ്യം അവർക്കു ലഭിച്ചു. ആ കൽത്തൂണു പിളർന്നതിനെ കാണുകയും മഹമ്മദീയർക്കു പോലും ആ അത്ഭുതത്തിൽ ഒരു അവിശ്വാസവും ഇല്ല എന്ന് തിരുമേനി തന്നെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

അത്ഭുത ''പുത്തൻ തീ'' യുടെ ഉറവിടം കർത്താവിന്റെ കബറിടമാണ്. കർത്താവിന്റെ കബറിടത്തിൽ നിൽക്കുമ്പോൾ തിരുമേനിയുടെ ഉള്ളിൽ ഈ 'പുത്തൻ തീ' ആളിക്കത്തി. തിരുമേനി മുട്ടിന്മേൽ ഇരുന്നു പൊട്ടിക്കരഞ്ഞു. ഈ ദർശനം തിരുമേനിയുടെ ജീവിതത്തിലും ഒരു ''പുത്തൻ തീ'' ആയി നിറഞ്ഞു. സാധുക്കളുടെ അരികിലേക്കൊഴുകിയ ഈ അത്ഭുത ''പുത്തൻ തീ'' കാളികുന്നിലും, ചെന്നിത്തലയിലും, കോട്ടയത്തും, പുതുപ്പള്ളിയിലുമൊക്കെ ഒഴുകി, അനേക അനേകം ജനങ്ങളിൽ വിശ്വാസത്തിന്റെ ദീപം തെളിഞ്ഞു. സമൂഹനന്മക്കായി വിദ്യാലയങ്ങൾ സ്ഥാപിച്ചു. തീണ്ടലും തൊടീലുമായി മാറ്റി നിർത്തിയവർക്ക് ''പുത്തൻതീ'' ലഭിച്ചു. വേർപാടുകൂട്ടങ്ങൾക്കെതിരെ സത്യവിശ്വാസത്തിന്റെ ''പുത്തൻ തീ'' ശക്തിയോടെ ഒഴുകിയപ്പോൾ വിശ്വാസവിപരീതികൾ ദഹിച്ചുപോയി. ആത്മാക്കളെകുറിച്ചുള്ള എരിവിന്റെ ''പുത്തൻ തീ'' ആളിക്കത്തി അതിനായി തിരുമേനി ദേവാലയം തോറും താമസിച്ചു ജനതയെ ഉപദേശത്തിൽ നിർത്തി, വൈദീകസംഗമം നടത്തി ആത്മാക്കളെകുറിച്ച് ജാഗ്രതയുള്ളവരാകാൻ പട്ടക്കാരോട് കല്പിച്ചു. പരിശുദ്ധ അൽവാറീസ് തിരുമേനി ഉൾപ്പെടുന്ന സമൂഹത്തിലേക്കും സിലോണിലേക്കും ഈ ''പുത്തൻ തീ'' ഒഴുകി.

**4. ''നെസ്'' : പായ് കെട്ടി ഉയർത്തപ്പെട്ട കൊടിമരം**

(നെസ് / Miracle) എന്ന ഹീബ്രു വാക്കിന് പായ്കപ്പലിന്റെ മുകളിൽ 'പായ് കെട്ടി ഉയർത്തപ്പെട്ട കൊടിമരം' എന്ന മറ്റൊരു അർഥം കൂടി ഉണ്ട്. കാറ്റിലും, കോളിലും, തിരമാലയിലും പെട്ടു വലയുന്ന കപ്പലിനെയും യാത്രികരെയും ആശ്വാസ തുറമുഖത്തെത്തിക്കുന്നതും ഗതിനിയന്ത്രിക്കുന്നതും 'പായ് കെട്ടി ഉയരത്തിൽ നിൽ

ശേഷം 23-ാം പേജിൽ

ഫാ. ജോർജ്ജ് കോശി



# മരണ വീട്ടിലെ മരണ ഗാനാലാപ 'ശുശ്രൂഷ'

സത്യവിശ്വാസികളായ സഭാംഗങ്ങൾക്ക് നിദ്രപ്രാപിക്കുന്നതിനെക്കുറിച്ച് ശുഭപ്രതീക്ഷയും ശോഭയേറിയ പ്രത്യാശയുമാണുള്ളത്. മരണമടയുന്നവർ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നീ പഴയ നിയമ പാത്രിക്കീസന്മാരുടെ മടിത്തട്ടിലേക്ക്, വലത്തുഭാഗത്തെ കള്ളനു കർത്താവേശുമിശിഹ വാഗ്ദാനം ചെയ്ത പറുദീസായുടെ പവിത്രാന്തരീക്ഷത്തിലേക്കാണ് പ്രവേശിക്കുക. പൗലോസ് അപ്പോസ്തോലൻ മരിക്കുന്നതു ലാഭമാണെന്നു പ്രബോധിപ്പിക്കാൻ കാരണം അത് ക്രിസ്തുവിനോടൊത്തുള്ള സൗഭാഗ്യ ജീവിതമായതുകൊണ്ടാണ്. നിഖ്യാവിശ്വാസപ്രമാണത്തിൽ നാം പറയുന്നത്, ''മരിച്ചുപോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു'' എന്നാണല്ലോ.

മരണാനന്തരമാണ് ഒരുവനിലെ ദൈവസാദൃശ്യം ഏറെ തെളിയുന്നതെന്നാണ് പൗരസ്ത്യ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നത്. നിദ്രയടയുന്ന സത്യവിശ്വാസിക്കു എത്രമാത്രം ശ്രേഷ്ഠമായ ആദരവും ബഹുമാനവുമാണ് സഭാംഗങ്ങൾ നൽകുക. മൃതശരീരത്തിന്റെ തലയ്ക്കൽ ക്രിസ്തുവിന്റെ പ്രതീകമായ ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ വി. സ്ലീബായുണ്ട്. നിദ്ര അടഞ്ഞ വിശ്വാസിയുടെ നിത്യജീവന്റെ നിതാന്താനുഭവ സൂചകമാണത്. കുരിശിന് ഇരുവശങ്ങളിലുമുള്ള തിരുവെളിച്ചം ലോകത്തിന്റെ വെളിച്ചമായ ദൈവപുത്രനെയെന്നപോലെ, പറുദീസായിലെ ഒരിക്കലും അണയാത്ത നിത്യപ്രകാശത്തെ പ്രതിബിംബിക്കുന്നു. സഭാദ്ധ്യക്ഷൻ സന്നിഹിതനാണെങ്കിൽപോലും ധൂപപ്രാർത്ഥനവേളയിൽ പ്രഥമമായി ധൂപമർപ്പിക്കുന്നത് മൃതശരീരത്തിന് സമീപെ വച്ചിരിക്കുന്ന വി. സ്ലീബായ്ക്കും അതിനുശേഷം മൃതശരീരത്തിനുമാണ്. തുടർന്ന് മാത്രമേ സന്നിഹിതരായ സ്ഥാനികൾക്ക് ധൂപം വീശുകയുള്ളൂ. ഇവയെല്ലാം എത്രമാത്രം പ്രാധാന്യമാണ് നിദ്രപ്രാപിച്ച വിശ്വാസിക്ക് സഭ നല്കുന്നതെന്നു വ്യക്തമാക്കുന്നു.

പല സഭാ വിഭാഗങ്ങൾക്കും (പ്രൊട്ടസ്റ്റന്റ്) മരിച്ചവരുമായി ബന്ധപ്പെട്ട ചടങ്ങുകൾ ശവസംസ്ക്കാരത്തോടെ സമാപിക്കുന്നു. അടക്കത്തിൽ, അഥവാ കുഴിമാടത്തിൽ മരിച്ചവരുടെ അന്ത്യമായി. പിന്നെ ഒന്നുമില്ല. മരിച്ചവരെ ഓർക്കാനുള്ള അന്തർദാഹം കൊണ്ടും പണമുള്ളവർ പത്രങ്ങളിൽ പടം പ്രസിദ്ധീകരിച്ചു 'ഓർമ്മ' ആഘോഷിക്കാറുണ്ട്. എന്നാൽ മറ്റ് പൗർവ്വിക സഭകളിലെന്നപോലെ നമ്മുടെ സഭയിൽ ഭവനത്തിലെയും പള്ളിയിലെയും ഏതു പ്രാർത്ഥനയിലും, അതു നമസ്ക്കാരമായാലും വി. കൂദാശകളായാലും കൂദാശകളുടെ മകുടമായി വി. കുർബ്ബാനയായാലും അവിടെയെല്ലാം നിദ്രപ്രാപിച്ചവരെ 'കാലമൊക്കെയിലും നേരമൊക്കെയിലും' ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. വാങ്ങിപ്പോയവർ വി. മൂറോനാഭിഷേകത്തിലൂടെ പരിശുദ്ധ റൂഹായുടെ ആലയമായിത്തീർന്നവരാണ്. സമൃദ്ധിയായ നിത്യജീവനു വഴിയും തുണയുമായ കർത്തൃശരീരരക്തങ്ങൾ സ്വീകരിച്ച് ആത്മശരീര മനസ്സുകളുടെ ഭാഗമാക്കിയവരാണ്. അതുകൊണ്ട് തന്നെ

കല്ലറകളിൽ കുരിശുവച്ചും തിരിതെളിച്ചും ധൂപാർപ്പണം നടത്തുന്നു. ധൂപാർപ്പണത്തിന് അർത്ഥതലങ്ങൾ അനവധി ഉണ്ടെങ്കിലും ആ സമയത്ത് ഉയരുന്ന സുഗന്ധ പുകച്ചുരുളുകൾ നിദ്രപ്രാപിച്ചവരുടെ സജീവ സാന്നിദ്ധ്യത്തിന്റെ പ്രതീകവുമാണ്.

എന്നാൽ സത്യവിശ്വാസിയുടെ മൃതശരീരത്തിനു ചുറ്റുമിരുന്നു പലപ്പോഴും 'വിശ്വാസികൾ' പാടുന്ന പാട്ടുകൾ നിദ്രപ്രാപിച്ചയാളിനെ 'ഇൻസൽറ്റ്' ചെയ്യുന്ന വിശ്വാസ വിരുദ്ധ, വേദവിപരീത ഗാനങ്ങളാണ്. അതു ഭവനങ്ങളിലായാലും മരണവീടുകളിലായാലും (ഫ്യൂണറൽ ഹോംസ്) സത്യവിശ്വാസത്തിന് ഘടകവിരുദ്ധമായ, അതുവരെ പഠിച്ചതും വിശ്വസിച്ചതുമായ മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള സകല സത്യങ്ങളും പ്രത്യാശകളും അവഗണിച്ചും തിരസ്ക്കരിച്ചുമുള്ള പാട്ടുകളാണ്. (ഇവയെല്ലാം സുവിശേഷ ഗാനങ്ങളാകുന്നത് എങ്ങനെയെന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ല). അവ വിശ്വാസ വിപരീതികൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളിൽ ഒതുങ്ങുമായിരുന്നുവെങ്കിൽ അത്ഭുതപ്പെടുവാനില്ല. സഭയിലുള്ളവർ പ്രസിദ്ധീകരിക്കുന്നതിലും വലിയ വ്യത്യാസമില്ലായെന്നുള്ളത് നാം എവിടെ എത്തിനിൽക്കുന്നുവെന്നതിന്റെ നേർ സാക്ഷ്യമല്ലേ.

വിശ്വാസ വിരുദ്ധ ഗാനങ്ങളിൽ പൊതുവെയുള്ളതു നിദ്രപ്രാപിച്ചതു മൂലമുള്ള നോവും നൊമ്പരവും ഇവിടെയുള്ളവരിൽ നിന്നും അകറ്റാനുള്ള മൊഴികളും വഴികളുമാണ്. മരിച്ച് നിദ്രപ്രാപിച്ചവരെക്കുറിച്ച് കാര്യമായി ഒന്നും തന്നെ ഇല്ലെന്നു പറയാം. അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും അവരോടു പ്രാർത്ഥിക്കാൻ അർത്ഥിക്കുന്നതും പാട്ടു എഴുതിയ കൂട്ടർക്ക്, അവർ ഭക്തരും മറ്റും ആണെങ്കിലും അതിനിഷിദ്ധമാണല്ലോ. ഏതു മരണവും വേദനിപ്പിക്കുന്നതാണ്. അതിനപ്പുറത്തുള്ള സൗഭാഗ്യ ജീവിതമാണ്, പറുദീസാ അനുഭവമാണ് സത്യവിശ്വാസിക്ക് സമാധാനവും സന്തോഷവും പകരുന്നത്.

നമ്മുടെ സഭയുടെ ശവസംസ്ക്കാര ക്രമത്തിലുള്ള ഗാനങ്ങൾ എത്രയോ ശ്രേഷ്ഠവും സുന്ദരവും സത്യവിശ്വാസ സത്യങ്ങൾ കൊണ്ട് സമ്പന്നവുമാണ്. ഏതു ഗാനവും അതിനു ഉത്തമ സാക്ഷ്യം നൽകുന്നു. ഒന്നു രണ്ടു വരിമാത്രം ഉദാഹരണമായി കൊടുക്കുന്നു.

''വത്സലരേ! ദൂര-ത്തെന്തിനു നില്ക്കുന്നെ-
അരികിൽ വരിൻ ശ്ലോമോ തരുവിൻ
പ്രാർത്ഥിച്ചിടുവീൻ''

ഇവിടെ പ്രധാനദൂത് പ്രാർത്ഥിക്കുവാനുള്ള ആഹ്വാനമാണ്. നിദ്രപ്രാപിച്ചവർക്ക് ഏവരും വത്സലരാണ്. അവരോടു അരികിൽ വന്നു സമാധാനം തരാനാണ് ആഹ്വാനം ചെയ്യുന്നത്. എത്രമാത്രം പ്രത്യാശയോടെയാണ് അവർ ഇവിടെ നിന്നും വിടവാങ്ങുന്നതെന്നു ആ വരികൾ വ്യക്തമാക്കുന്നു.

സത്യവിശ്വാസാടിസ്ഥാനത്തിലുള്ള ആശയസമ്പുഷ്ടമായ എണ്ണമറ്റ ഗാനങ്ങളുടെ നിറവിനു കുറവില്ലാത്ത സഭയിലാണ് വേദവിപരീത ഗാനങ്ങൾ പാടി നിദ്രപ്രാപിച്ചവരെയും സത്യവിശ്വസത്തെക്കുറിച്ച് സുബോധമുള്ളവരെയും നിരാശപ്പെടുത്തുന്നത്. (സഭയിൽ സുലഭമായ പാട്ടുകൂട്ടങ്ങൾ ഇവ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നുവെങ്കിൽ) എന്നാണ് ഇതിനൊരു അന്ത്യം കുറിക്കുക.

22 -ാം പേജിൽ നിന്നും തുടർച്ച

ക്കുന്ന കൊടിമരമാണ്'. ഇന്നും സങ്കടത്തോടെ പരുമല കബറിടത്തിൽ വന്നു പ്രാർത്ഥിക്കുന്ന ഒരു ഭക്തന്റെ ജീവിത നൗകയെ മുന്നോട്ടു നയിക്കുന്ന ഉയരത്തിൽ നിന്നുള്ള ഒരു ദൈവീക ഇടപെടലായ പായ് കെട്ടി ഉയർത്തപ്പെട്ട കൊടിമരം ആണ് പരിശുദ്ധ പരുമല തിരുമേനി. ഈ കബറിടത്തിൽ നൂൻ എന്ന അക്ഷരം സൂചിപ്പിക്കുന്ന കഷ്ടപ്പാടുമായി വരുന്നവർക്ക് (സാമേഖ് എന്ന വാക്ക് സൂചിപ്പിക്കുന്ന വീഴുന്നവരെയെല്ലാം യെഹോവ താങ്ങും എന്ന ധൈര്യം ഈ പിതാവിൽ നിന്ന് ലഭിക്കുന്നത് കൊണ്ടാവണം നാനാജാതി മതസ്ഥർ ഇന്നും ഈ കബറിടത്തിൽ വന്നു ഒരു 'പുത്തൻ തീ' ആയി മടങ്ങുന്നത്.

കർത്താവിന്റെ കബറിടത്തിൽ നിന്ന് പ്രാപിച്ച ''പുത്തൻ തീ'' ജീവിത വഴിത്താരയിൽ പരത്തിയ ''അത്ഭുതം'' നെസ് ആയ ഒരു പുണ്യ ജീവിതം ആണ്, തകഴി 'അത്ഭുതം' ആയി കണ്ട് വിശേഷിപ്പിച്ച പരിശുദ്ധ പരുമല തിരുമേനി. തിരുമേനിയുടെ കബറിടത്തിൽ കൂപ്പുകരങ്ങളുമായി നിൽക്കുമ്പോൾ, തിരുമേനിയിലൂടെ ഒഴുകിയ ഈ അഗ്നി അണയാതിരിപ്പാൻ വിളിക്കപെട്ടവരായ നമ്മൾ എത്രത്തോളം തിരി തെളിച്ചു എന്ന് തിരുമേനി ചോദിക്കുമ്പോൾ എന്ത് ഉത്തരമാണ് നല്കാൻ കഴിയുക? ഈ ആത്മഭാരം നമ്മിലും ഉയരുമ്പോൾ തിരുമേനിയിലെ പുത്തൻ തീ നമ്മിലേക്കും ഒഴുകുന്നത് തിരിച്ചറിയാൻ നമുക്ക് കഴിയും.

വാൽസല്യ കുഞ്ഞുങ്ങളേ,

നിങ്ങളെല്ലാവരും ക്ഷേമമായിരിക്കുന്നല്ലോ. നിങ്ങളുടെ നന്മക്കും, അനുഗ്രഹത്തിനുമായി എല്ലായ്പ്പോഴും പ്രാർത്ഥിക്കുന്നു. ചേച്ചിക്കു വേണ്ടിയും പ്രാർത്ഥിക്കണേ.

ഒരു കഥ പറയാം. ഒരു ഞണ്ട് കടൽത്തീരത്തുകൂടി ഓടി കളിയ്ക്കുകയായിരുന്നു. മണലിൽ പതിയുന്ന തന്റെ കാൽപ്പാദങ്ങളുടെ ഭംഗി, അതിനെ വല്ലാതെ രസിപ്പിച്ചു. പെട്ടെന്നാണ്, വലിയ ഒരു തിര വന്ന്, ഞണ്ടിന്റെ കാലടികൾ മുഴുവൻ മായിച്ചു കളഞ്ഞത്. ഞണ്ട് വിഷമത്തോടെ, തിരയോടു ചോദിച്ചു: 'ഞാൻ നിന്നെ ആത്മസുഹൃത്തായിട്ടാണ് കരുതിയിരുന്നത്. എന്നിട്ടും, നീ എന്താണ് ഈ ചെയ്തത്?'' തിര പറഞ്ഞു: ' ഒരു മീൻപിടുത്തക്കാരൻ, നിന്റെ കാൽപ്പാടുകളെ പിന്തുടരന്നുണ്ടായിരുന്നു. അതുകൊണ്ടാണ്, ഞാൻ അവയെ മായിച്ചു കളഞ്ഞത്'. ഇടപെടലുകൾ ആണ്, ബന്ധങ്ങളുടെ ഊട്ടുപുര. അപകടമോ, ആകസ്മികതയോ വരുമ്പോൾ, കൂടെ ആരുണ്ടാകും എന്നതാണ് യഥാർത്ഥ ബന്ധത്തിന്റെ അളവുകോൽ. ആഘോഷങ്ങൾക്ക് ഇടയിലെ ആൾക്കൂട്ടം, അത്യാഹിതവേളകളിൽ കൂടെ ഉണ്ടാകണം എന്നില്ല. അപകടവേളകളിൽ കാണിക്കുന്ന അപരിചിതത്വം ആണ്, ഒരു സ്നേഹിതനു കാട്ടാൻ ആകുന്ന ഏറ്റവും വലിയ കാപട്യം. തീർച്ചയായും കൂടെ ഉണ്ടാകുമെന്നു കരുതിയിരുന്നവർ, പെട്ടന്ന് അപ്രത്യക്ഷ്യം ആകുമ്പോൾ, ആരുടേയും ആത്മവിശ്വാസം നഷ്ടമാകും. നിഴലാകുന്ന ചങ്ങാത്തങ്ങളേക്കാൾ, വെളിച്ചമാകുന്ന സൗഹൃദങ്ങളേയാണ് ബഹുമാനിക്കേണ്ടത്. നിഴൽ അകമ്പടി സേവിക്കുകയേ ഉള്ളൂ. എന്നാൽ, വെളിച്ചം മുമ്പും പിമ്പും പ്രകാശപൂരിതം ആക്കും. സഹായകനും സംരക്ഷകനുമായ സഹചാരിയെ മാത്രമേ, പൂർണ്ണമായി വിശ്വസിക്കാനാകൂ; വിശ്വസിക്കാവൂ!

മക്കളേ, നിങ്ങൾ ഉത്തമ സ്നേഹിതർ ആകണം, നിങ്ങൾക്ക് ഉത്തമ സ്നേഹിതർ ഉണ്ടാകണം അതിന് ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഒക്ടോബർ മാസം നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ജന്മദിനം കൊണ്ട് സുഗന്ധപൂരിതമായ മാസമാണല്ലോ. 'ഈ ഭൂമുഖത്ത് ഇങ്ങനെ ഒരു മനുഷ്യൻ ജീവിച്ചിരുന്നുവെന്ന് വരും തലമുറ വിശ്വസിക്കില്ലെന്നാണ്' ആൽബർട്ട് ഐൻസ്റ്റീൻ, മഹാത്മാ ഗാന്ധിയെക്കുറിച്ച് പറയുന്നത്. അത്രത്തോളം ത്യാഗോജ്ജ്വലം ആയിരുന്നു അദ്ദേഹത്തിന്റെ ജീവിതം. യേശു തമ്പുരാന്റെ ജീവിതവും, സന്ദേശങ്ങളും അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചിരുന്നു. അഹിംസ ആചരിക്കുക എന്നത് ദൗർബല്യമല്ല, ശക്തിയാണെന്ന വലിയ പാഠമാണ് അദ്ദേഹം ലോകത്തിന് സമ്മാനിച്ചത്. നാം ഇന്നനുഭവിക്കുന്ന സ്വാതന്ത്ര്യം അദ്ദേഹത്തിന്റെ ജീവിത സമർപ്പണത്തിന്റെ ഫലമാണെന്ന് നാം ഒരിക്കലും മറക്കരുത്. നിങ്ങളിൽക്കൂടി, നിങ്ങളുടെ ജീവിതങ്ങളിൽ ക്കൂടി മഹാത്മാവ് എന്നും ജീവിക്കട്ടെ എന്ന പ്രാർത്ഥനയോടെ,

സ്നേഹപൂർവ്വം,

**നിങ്ങളുടെ ജൂലിചേച്ചി**

## ഫാ. അൽവാറീസ് 'എ ക്രൂസ്' (THE CROSS)

സെപ്റ്റംബർ 23, മലങ്കര സഭയുടെ ചരിത്രത്തിൽ ഇരുണ്ടതെങ്കിലും കടുത്ത അക്ഷരങ്ങളിൽ എഴുതപ്പെട്ട ജീവിതവഴികൾ കൊണ്ട് ശ്രദ്ധേയനായ ഒരു പിതാവിനെ, അൽവാറീസ് മാർ യൂലിയോസ് തിരുമേനി എന്ന രക്തസാക്ഷിയെ സ്മരിക്കുന്ന ദിനമാണ് പരിശുദ്ധ സഭയ്ക്കായി അക്ഷരാർത്ഥത്തിൽ സഹനത്തിന്റെയും വേദനയുടെയും മാനസികസംഘർഷങ്ങളുടെയും വേലിയേറ്റത്തിൽ, എണ്ണമില്ലാത്തത്ര അവഹേളനകൾ ഏറെക്കുറെ ഏകനായി നേരിട്ട, ഓർത്തോഡോക്സി എന്ന ജീവിതശൈലി പ്രാവർത്തിക മാക്കുവാൻ വേറിട്ട വഴികൾ തെരഞ്ഞെടുത്ത് ഒറ്റയ്ക്ക് സഞ്ചരിച്ച പരിശുദ്ധ അൽവാറീസ് മാർ യൂലിയോസ് തിരുമേനിയുടെ ഓർമ്മകൾക്ക് മുന്നിൽ പ്രണാമം അർപ്പിക്കാം! ദൈവത്തെ മുറുകെപ്പിടിക്കുന്നതിനിടെ ശരീരമനസ്സുകൾ കീറിമുറിക്കപ്പെട്ടപോളും ആത്മനിറവിൽ ദൈവിക-സചേതനത്വത്തിൽ തലയുയർത്തി നിന്ന് സഭാമക്കൾക്ക് മായാത്ത മാതൃക കാട്ടിയ ആ മഹൽ വ്യക്തിത്വത്തിന്റെ മദ്ധ്യസ്ഥത നമുക്ക് കോട്ടയാകട്ടെ!

## തെശ്രീൻ ഹ്രോയി – നവംബർ

1. സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും, സകല സഹദേന്മാരുടെയും രക്തസാക്ഷിണികളുടെയും ഓർമ്മ.
2. പരിശുദ്ധ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (പ. പരുമല തിരുമേനി) 121–ാം ഓർമ്മ (പരുമല സെമിനാരി). കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 116–ാം ഓർമ്മ (ആലുവാ തൃക്കുന്നത്ത് സെമിനാരി).
5. കൂദോശ് ഈത്തോ ഞായറാഴ്ച. (പരിശുദ്ധ സഭയുടെ ശുദ്ധീകരണ പെരുന്നാൾ). സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 16–ാം ഓർമ്മ (ഭിലായ് സെന്റ് തോമസ് ആശ്രമം).
6. വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 57–ാം ഓർമ്മ (ആലുവാ തൃക്കുന്നത്ത് സെമിനാരി).
8. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 27–ാം ഓർമ്മ (ദേവലോകം കാതോലിക്കേറ്റ് അരമന).
12. ഹൂദോസ് ഈത്തോ ഞായറാഴ്ച (പ. സഭയുടെ പ്രതിഷ്ഠാ പെരുന്നാൾ). വേദരത്നം കായംകുളം ഫിലിപ്പോസ് റമ്പാന്റെ 211–ാം ഓർമ്മ (കണ്ണംകോട് സെന്റ് തോമസ് കത്തീഡ്രൽ)
13. സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ ഓർമ്മ.
14. മാർ ഫീലിപ്പോസ് ശ്ലീഹായുടെ ഓർമ്മ.
19. സഖറിയാ പുരോഹിതനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച.
20. ഇയ്യോബ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ 12–ാം ഓർമ്മ (പത്തനാപുരം മൗണ്ട് താബോർ ദയറാ).
21. വി. ദൈവമാതാവിന്റെ ദേവാലയ പ്രവേശന പെരുന്നാൾ.
24. പഴയ സെമിനാരി സ്ഥാപകൻ സഭാ ജ്യോതിസ് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് കക മെത്രാപ്പോലീത്തായുടെ 207–ാം ഓർമ്മയും, പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 27–ാം ഓർമ്മയും (കോട്ടയം പഴയ സെമിനാരി).

26 ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച.

28. മാർ യാക്കോബ് ബുർദ്ദാന, മാർ ദീവന്നാസ്യോസ് ബർസ്ലീബി എന്നിവരുടെ ഓർമ്മ.
29. സ്രൂഗിലെ മാർ യാക്കോബിന്റെ ഓർമ്മ.
30. മാർ അന്ത്രയോസ് ശ്ലീഹായുടെ ഓർമ്മ.



## അനുമോദനം

**എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് MSc. Physics ൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ കുമാരി എലിസബേത്ത് യോഹന്നാൻ, ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാന കേന്ദ്ര സമിതി അംഗവും മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകാംഗവുമാണ്.**



### ഉല്പത്തി

1. ജീവനുള്ളവർക്കെല്ലാം മാതാവ് ആര്?
2. നല്ലത് എന്നു കണ്ട ദൈവം 'നന്നല്ല' എന്നു കണ്ട തെന്ത്?
3. ഏദനിലെ നദിയുടെ ശാഖകളിൽ അശൂരിന് കിഴക്കോട്ട് ഒഴുകുന്നത് ഏത്?
4. തേരഹിന്റെ പിതാവ് ആര്?
5. ഊസിന്റെ പിതാവ് ആര്?
6. കാദേശിന്റെ മറുപേർ എന്ത്?
7. അറിയപ്പെടുന്ന ആദ്യ യുദ്ധത്തിൽ പങ്കെടുത്ത രാജാക്കന്മാർ എത്ര?
8. സൊദോം വരെ കൂടാരം നീക്കി നീക്കി അടിച്ചവൻ ആര്?
9. സോവറിന്റെ മറുപേർ എന്ത്?
10. അറിയപ്പെടുന്ന ആദ്യ യുദ്ധം നടന്നതെവിടെ?

### വി. മത്തായി

1. വി. മത്തായിയുടെ സുവിശേഷത്തിൽ അബ്രഹാമിന്റെ പുത്രൻ ആര്?
2. രാഹാബിന്റെ ഭർത്താവിന്റെ പേരെന്ത്?
3. അബ്രഹാം മുതൽ ദാവീദ് വരെ തലമുറകൾ എത്ര?
4. യേശു വളർന്ന ഗ്രാമം ഏത്?
5. ഹെരോദാവിനു ശേഷം യെഹൂദ്യ വാണ തന്റെ പുത്രൻ ആര്?
6. യേശു ജനിച്ച സ്ഥലം ഏത്?
7. ഏതു നദിയിലാണ് യോഹന്നാൻ സ്നാപകൻ സ്നാനം കഴിപ്പിച്ചത്?
8. അരയിൽ തോൽവാറു കെട്ടിയതായി പറയുന്ന പുതിയ നിയമ കഥാപാത്രം ആര്?
9. ഏതു മരുഭൂമിയിലാണ് യോഹന്നാൻ സ്നാപകൻ പ്രസംഗിച്ചത്?
10. വിദ്വാന്മാർ യേശുവിന് കാഴ്ചവെച്ചതെന്തെല്ലാം?

### സഭാചരിത്രം

1. വേഷപ്രച്ഛന്നനായി മലങ്കര സഭയെ ശക്തിപ്പെടുത്തുവാൻ വന്നുവെന്ന് പറയപ്പെടുന്ന പൗരസ്ത്യ മെത്രാൻ ആര്?
2. വിദേശ നാമം സ്വീകരിച്ച ആദ്യത്തെ മലങ്കര മെത്രാൻ?
3. വർത്തമാന പുസ്തകം പ്രസിദ്ധീകരിച്ച വർഷം?
4. 3000 പൂവരാഹൻ എത്ര രൂപ?
5. മെക്കാളെ നാടുകടത്തിയ മെത്രാൻ ആര്?

## ഉത്തരങ്ങൾ ക്വിസ് 13

1. പ്രവചനം (2 പത്രൊസ് 1:21)
2. നീതിമാനായ യേശുക്രിസ്തു (1 യോഹ. 2:1)
3. ഉപദേശത്തിൽ നിലനിൽക്കുന്നവർക്ക് (2 യോഹ. 1:9)
4. ഗായൊസിന്
5. സൊദൊമും ഗൊമോറയും (യൂദാ 1:7)
6. ഹാനോക്ക് (യൂദാ. 1:14, 15)
7. എഫെസൊസിൽ
8. ദിയൊത്രെഫേസ് (3 യോഹ. 1:9)
9. വഞ്ചകനും, എതിർക്രിസ്തുവും (2 യോഹ. 1:7)
10. 2 യോഹന്നാൻ
11. ദുഷ്ടന്റെ (1 യോഹ. 5:19)
12. പാപം (1 യോഹ. 5:17)
13. പിശാചിന്റെ (1 യോഹ. 3:8)
14. ദെമെത്രിയോസ് (3 യോഹ. 1:12)
15. പൊതുവിലുള്ള രക്ഷ (യൂദാ. 1:3)
16. ഉപദേശത്തിൽ നിലനിൽക്കാത്തവനോട് (2 യോഹ. 1:10)
17. യേശുക്രിസ്തു (1 യോഹ. 5:6)
18. മീഖായേൽ (യൂദാ 1:9)
19. 3 (3 യോഹ. 1:2,5,11)
20. ചങ്ങലയിട്ട് അന്ധകാരത്തിന്റെ കീഴിൽ (യൂദാ. 1:6)
21. ആത്മാവ്, ജലം, രക്തം (1 യോഹ. 5:8)
22. ഹാനോക്ക് (യൂദാ. 1:14)
23. ദൈവമക്കൾ (1 യോഹ. 3:2)
24. ദൈവം (യൂദാ. 1:24)
25. ലോത്ത് (2 പത്രൊസ് 2:8)
26. നോഹ (2 പത്രൊസ് 2:5)
27. ബിലെയാമിനു (2 പത്രൊസ് 2:16)
28. പന്നി (2 പത്രൊസ് 2:22)
29. കഴുത (2 പത്രൊസ് 2:16)
30. അന്ധതമസ്സിന്റെ ചങ്ങലയിട്ട് നരകത്തിൽ (2 പത്രൊസ് 2:4)

## ക്വിസ് 13 ശരിയുത്തരം നൽകിയവർ

ജൂലി ഉമ്മൻ, കാരയ്ക്കാട്, ജൂലി തോമസ്, യോർദ്ദാൻപുരം, ബ്ലസ്സി തോമസ്, കല്ലുങ്കൽ വെസ്റ്റ്, ഉഷാ മത്തായി, കൂർത്തമല, ഏലിയാമ്മ ജോർജ്ജ്, നീർവിളാകം, സൂസമ്മ ചാക്കോ, കുടശ്ശനാട്, ഏലിയാമ്മ തോമസ്, കൂർത്തമല, ഏലിയാമ്മ ചാക്കോ, കല്ലുങ്കൽ വെസ്റ്റ്, അക്കാമ്മ ജോയി, പേരിശ്ശേരി ഈസ്റ്റ്, സിനു ചാക്കോ, കുറിച്ചിമുട്ടം

**വിജയി : ഏലിയാമ്മ ചാക്കോ, കല്ലുങ്കൽ വെസ്റ്റ്**

ഫാ. ഡോ. തോമസ് വർഗീസ് അമയിൽ
(വൈദിക ട്രസ്റ്റി)



# റഷ്യൻ – റോം അപ്പോസ്തോലിക സന്ദർശനങ്ങൾ

മലങ്കര സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ തിരുമേനിയുടെ നേതൃത്വത്തിൽ സെപ്തംബർ മാസം 3-ാം തീയതി മുതൽ 12 വരെ റഷ്യയിലേക്കും റോമിലേക്കും നടത്തിയ അപ്പോസ്തോലിക സന്ദർശനങ്ങൾക്ക് സഭാപരമായും ചരിത്രപരമായും പ്രസക്തിയുണ്ട്.

അംഗസംഖ്യയിലും വിസ്തൃതിയിലും നമ്മളെക്കാൾ പതിന്മടങ്ങ് വലിപ്പമുള്ള സഭകൾ പരിശുദ്ധ തോമാശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായ പരിശുദ്ധ പിതാവിനെ എത്ര ആദരവോടെയും സ്നേഹത്തോടെയും സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു എന്ന് കണ്ടു മനസ്സിലാക്കാനുള്ള അവസരം കൂടിയായിരുന്നു ഈ യാത്രകൾ.

**റഷ്യൻ സന്ദർശനം**

ഔദ്യോഗിക പരിവേഷത്തോടെ വലിയ സ്വീകരണമാണ് എയർപോർട്ടിൽ ഇറങ്ങി നിമിഷം മുതൽ റഷ്യയിൽ കാണാൻ ആയത്. റഷ്യൻ സഭയുടെ ഉന്നത തല പ്രതിനിധി സംഘം ആദ്യം മുതലേ നമ്മുടെ പരിശുദ്ധ പിതാവിനെ അനുധാവനം ചെയ്തു. പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ ബാവാ തിരുമേനി ഹൃദയബന്ധം കാത്തുസൂക്ഷിച്ച റഷ്യൻ പുണ്യവതിയായ മത്രോണയുടെ കബറിടത്തിലെ പ്രാർത്ഥനയോടെയാണ് റഷ്യൻ സന്ദർശനം ആരംഭിച്ചത്. റഷ്യൻ സഭയുടെ എക്യുമെനിക്കൽ റിലേഷൻ കാര്യാലയം, വിശുദ്ധിയുടെയും വാസ്തു ശില്പ ചാതുര്യത്തിന്റെയും ചൈതന്യത്തോടെ നിലനിൽക്കുന്ന ദേവാലയങ്ങളും, മോസ്കോ സന്ദർശനത്തിന്റെ അവിസ്മരണീയ ഓർമ്മകളാണ്.

കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ കിരാതമായ അടിച്ചമർത്തലുകളെ മറികടന്ന് ഉയർത്തെഴുന്നേറ്റ റഷ്യൻ സഭയുടെ ആത്മീയ വളർച്ചയുടെ ത്വരിത ഭാവങ്ങളാണ് എവിടെയും. വിശുദ്ധിയുടെ പ്രഭാവലയം ചൊരിയുന്ന ഐക്കണുകൾ, അവയ്ക്ക് മുമ്പിൽ ദീർഘസമയം പ്രാർത്ഥന നിരതരായി ചിലവഴിക്കുന്ന വിശ്വാസ സമൂഹം, വിശുദ്ധരുടെ തിരുശേഷിപ്പുകളാൽ അലംകൃതമായ ദേവാലയങ്ങൾ, ചിത്രകലയുടെയും വാസ്തു ശില്പ ചാതുര്യത്തിന്റെയും മഹാവിസ്മയങ്ങളായി മാറുന്ന ദേവാലയത്തിന്റെ ചുവരുകൾ, ഇങ്ങനെ വിശുദ്ധിയുടെ മറ്റൊരു ലോകമാണ് റഷ്യ തുറന്നിടുന്നത്.

വിപ്ലവങ്ങളുടെ കഥ പറയുന്ന റെഡ്സ്ക്വയറിന്റെ കവാടങ്ങളിൽ പോലും ഐക്കണുകൾ ഇടം പിടിക്കുമ്പോൾ വളരെ

പെട്ടെന്ന് ഉയർത്തെഴുന്നേൽക്കുന്ന റഷ്യൻ സഭയുടെ നേർചിത്രം വളരെ ധവളിമയോടെ ഈ വർത്തമാന കാലത്തോട് സംവദിക്കുന്നതായി നമുക്ക് മനസ്സിലാക്കാം.

റഷ്യൻ സഭയുടെ ആരാധനാ സംഗീത മാധുര്യം അനുഭവിക്കുവാനും ക്രെം ലീനിന് ഉള്ളിലുള്ള കത്തീഡ്രൽ ദേവാലയത്തിൽ അവസരം ഉണ്ടായിരുന്നു. സുദീർഘമായ ശബ്ദ മാധുര്യത്തോടുകൂടിയുള്ള ആരാധന ദൈവസാന്നിധ്യമ നുഭവിക്കുവാൻ ഏവരെയും ഇടയാക്കുന്നതായിരുന്നു. ഭാഷയുടെ അതിർ വരമ്പുകൾ അവിടെ ഇല്ലാതെയാകുന്നത്.

റഷ്യൻ സന്ദർശനം മലങ്കര സഭയുടെ മുൻപോട്ടുള്ള പ്രയാണത്തിൽ നിരവധി സാധ്യതകളുടെ വാതായനങ്ങളാണ് തുറന്നിട്ടുള്ളത്. വേദശാസ്ത്ര വിദ്യാർത്ഥികളുടെ തുടർ അഭ്യസനവും ഇരുസഭകളുടെയും സന്യാസ പാരമ്പര്യങ്ങളെ മനസ്സിലാക്കുവാൻ തക്കവിധത്തിലുള്ള സാധ്യതകൾ പുതുതായി ആരംഭിക്കുവാനും കൂടുതൽ മേഖലകളിൽ സഹകരി ക്കാവുന്ന ഇടങ്ങൾ കണ്ടെത്തി പ്രവർത്തിക്കുവാനും ഉള്ള ധാരണകൾ ശക്തിപ്പെടുവാനും പ്രബലപ്പെടുവാനും റഷ്യൻ സന്ദർശനം വഴിയായി ഇടയായിട്ടുണ്ട്.

**വത്തിക്കാനിലേക്ക്**

പരിശുദ്ധ പോപ്പിന്റെ ഔദ്യോഗിക പ്രതിസന്ധി സംഘം പരിശുദ്ധ ബാവയെ എയർപോർട്ടിൽ വെച്ച് തന്നെ സ്വീകരിച്ചു. പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവ തിരുമേനിയുടെ സന്ദർശനത്തിലും ഇപ്പോൾ മാത്യൂസ് തൃതീയൻ ബാവയുടെ സന്ദർശനത്തിലും റോമൻ പാപ്പാ താമസിക്കുന്ന അതേ ഇടത്തിൽ തന്നെ സന്ദർശക സംഘത്തിന് താമസം ഒരുക്കി എന്നത് ശ്രദ്ധേയമാണ്.

വത്തിക്കാന്റെ ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കുവാൻ പ്രതിനിധി സംഘത്തിന് അവസരം ഉണ്ടായി.

വലിയ സന്തോഷത്തോടും ആദരവോടും ബഹുമാനത്തോടും കൂടിയാണ് ഫ്രാൻസിസ് മാർപാപ്പ പരിശുദ്ധ കാതോലിക്കാ ബാവായെ വത്തിക്കാനിലേക്ക് സ്വീകരിച്ചത്. ശാരീരിക ബുദ്ധിമുട്ടുകൾ മറന്നു ഫ്രാൻസിസ് മാർപാപ്പ പരിശുദ്ധ പിതാവിന്റെ തോളിൽ പിടിച്ച് നടന്ന നീങ്ങുന്ന ചിത്രം വത്തിക്കാൻ മാധ്യമങ്ങളും സാമൂഹ്യ മാധ്യമങ്ങളും വളരെ പ്രാധാന്യത്തോടെയാണ് പങ്കുവെച്ചത്.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയോട് ഇറ്റാലിയൻ ഭാഷയിൽ സംസാരിച്ച പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി വത്തിക്കാൻ മാധ്യമങ്ങളുടെയും എല്ലാവരുടെയും പ്രശംസ നേടി.

പരിശുദ്ധ സഭയെ വർത്തമാനകാലത്തിൽ അടയാളപ്പെടുത്തുക എന്നതാണ് നമ്മുടെ ഏവരുടെയും വലിയ ദൗത്യം. അത് മലങ്കര ഓർത്തഡോക്സ് സഭയെ സംബന്ധിച്ചിടത്തോളം ഓരോ കാലഘട്ടത്തിലും പിതാക്കന്മാർ ഏറെ സൂക്ഷ്മതയോടും പ്രാർത്ഥനയോടും വിനയത്തോടും നിർവഹിച്ച ദൗത്യമാണ്. അതിന്റെ ഈ കാലഘട്ടത്തിലെ തുടർച്ചയാണ് പരിശുദ്ധ പിതാവിന്റെ ഈ അപ്പോസ്തോലിക സന്ദർശനങ്ങൾ.

## ലോക ആത്മഹത്യാ പ്രതിരോധ ദിനാചരണം

ലോക ആത്മഹത്യാ പ്രതിരോധ ദിനാചരണത്തോടനുബന്ധിച്ച് (10.09.2023) **Creating Hope Through Action** എന്ന വിഷയത്തെ ആസ്പദമാക്കി ഒരു വെബിനാർ സംഘടിപ്പിക്കുകയുണ്ടായി. **Vipassana Emotional Support Centre Kottayam, Ministry of Human Empowerment (Chengannur Diocese), Department of Social Work, St. Gregorios College of Social Science Parumala** എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് പ്രസ്തുത വെബിനാർ സംഘടിപ്പിച്ചത്. ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് തിരുമേനി ഉദ്ഘാടനം നിർവഹിച്ചു. ഡോ. സിബി തരകൻ **(Founder Director, Vipassana Emotional Support Centre)** ക്ലാസ് നയിച്ചു. പരുമല സെന്റ് ഗ്രിഗോറിയോസ് കോളേജ് ഓഫ് സോഷ്യൽ സയൻസ് പ്രിൻസിപ്പാൾ **(i/c)** റവ. ഫാ. ഡോ. റെന്നി തോമസ് സ്വാഗതം ചെയ്തു. റവ. ഫാ. ഡോ. നൈനാൻ വി. ജോർജ്ജ് **(Director, Ministry of Human Empowerment Chengannur)** കൃതജ്ഞത അറിയിച്ചു. വിവിധ ആദ്ധ്യാത്മിക-സന്നദ്ധ സംഘടനാ ഭാരവാഹികളും പ്രവർത്തകരും, **MSW** വിദ്യാർത്ഥികളും അധ്യാപകരും ഉൾപ്പെടെ നൂറോളം പേർ പ്രസ്തുത വെബിനാറിൽ പങ്കെടുത്തു.

## ഭദ്രാസന വാർത്തകൾ

ഫാ. പി. കെ. കോശി
(ഭദ്രാസന സെക്രട്ടറി)

ദൈവത്തിന്റെ അളവറ്റ കരുണയാലും കൃപയാലും ചെങ്ങന്നൂർ മെത്രാസന പൊതുയോഗം 2023 സെപ്റ്റംബർ മാസം 16-ാം തീയതി ശനിയാഴ്ച അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ മഹനീയ അദ്ധ്യക്ഷതയിൽ ബഥേൽ അരമനയിൽ വച്ച് നടത്തപ്പെട്ടു. മെത്രാസനത്തിന്റെ സമഗ്രവികസനത്തിന് ഉതകുന്ന വിവിധ കർമ്മപദ്ധതികൾ കൗൺസിൽ സമർപ്പിച്ചത് പൊതുയോഗം അംഗീകരിക്കുകയുണ്ടായി. 1985 ൽ സ്ഥാപിതമായ നമ്മുടെ മെത്രാസനം ആത്മീയ ഉന്നതിയിലെത്തി എങ്കിലും ഭൗതികമായ സ്വയം പര്യാപ്തതയിലേക്ക് എത്തിച്ചേർന്നിട്ടില്ല.

ബഥേലിന്റെ സ്ഥാപകനും കാതോലിക്കേറ്റിന്റെ രത്നദീപവുമായ പുത്തൻകാവിൽ മാർ പീലക്സിനോസ് പിതാവിന്റെ സ്മരണയ്ക്കായി ''ഫിലോക്സ് ചാരിറ്റബിൾ ട്രസ്റ്റ്''-ന്റെ നിയമാവലി അംഗീകരിക്കുകയും മെത്രാസനത്തിന്റെ എല്ലാവിധമായ ചാരിറ്റി പ്രവർത്തന പദ്ധതികളും ഇതിൽ ഉൾക്കൊള്ളിച്ച് മുമ്പോട്ടു പോകുവാൻ തീരുമാനിച്ചു. ചെങ്ങന്നൂർ മെത്രാസനത്തിന്റെ Golden Jubilee വർഷമാകുന്ന 2035 ലേക്ക് ഈ പ്രവർത്തനങ്ങളുടെ പൂർത്തീകരണം ലക്ഷ്യമാക്കി മെത്രാസന കൗൺസിലിന്റെയും മെത്രാസനത്തിൽ നിന്നുള്ള സഭാമാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും മെത്രാസന വൈദികസംഘത്തിന്റെയും ആലോചനയോടുകൂടി പ്രത്യേകമായ ഒരു ഓഫീസ് സംവിധാനം ബഥേൽ അരമനയിൽ ക്രമീകരിച്ചിരിക്കുന്നു.

ബഥേൽ അരമനയോടു ചേർന്ന് എം.സി. റോഡിനഭിമുഖമായി 24 സെന്റ് സ്ഥലവും നില്പു കെട്ടിടങ്ങളും അടങ്ങുന്നവസ്തു മെത്രാസനം ആർജിച്ചെടുക്കുവാനുള്ള തീവ്രശ്രമത്തിലും അതിന്റെ നടത്തിപ്പിലുമാണ്. ''സ്വർഗത്തിലെ ദൈവം ഞങ്ങൾക്ക് കാര്യം സാധിപ്പിക്കും ആകയാൽ അവന്റെ ദാസൻമാരായ ഞങ്ങൾ എഴുന്നേറ്റു പണിയും'' എന്ന് നെഹമ്യ:2:20 ലെ ആഹ്വാനം നമുക്കു ശിരസ്സാവഹിയ്ക്കാം.

ഇടയൻ ഇടവകകളിലേക്ക് ഇറങ്ങി വന്നു കൊണ്ട് ഔദ്യോഗിക ഇടവക സന്ദർശനം ഇപ്പോൾ 15 ലധികം പള്ളികളിൽ പൂർത്തികരിച്ചിരിക്കുന്നു.

പാണ്ടനാട് ഊരയിൽ കുടുംബാംഗങ്ങൾ ദാനമായി നൽകിയ 70 സെന്റ് സ്ഥലത്ത് സൗദിയിൽ പ്രവർത്തിക്കുന്ന STOC ന്റെ സഹായത്തോടെ 'നീരുറവ' എന്ന ബഡ്സ് സ്കൂൾ 2023 നവംബർ 11-ാം തീയതി ശനിയാഴ്ച 2 മണിക്ക് അടിസ്ഥാനശില പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് സ്ഥാപിച്ചു പണി ആരംഭിക്കാൻ വേണ്ടുന്ന ക്രമീകരണങ്ങൾ ഈ കൗൺസിലിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

ഏവരുടെയും പ്രാർത്ഥനയും പിൻതുണയും ആഗ്രഹിക്കുന്നതോടൊപ്പം സൗദിയിലെ നമ്മുടെ ദൈവജനത്തോടുള്ള അകമഴിഞ്ഞ നന്ദി ചെങ്ങന്നൂർ മെത്രാസനത്തിനുവേണ്ടി അറിയിക്കുന്നു.

മലങ്കരയുടെ പരിമളമായിരിക്കുന്ന പരിശുദ്ധ പരുമലതിരുമേനിയുടെ ഓർമ്മപെരുന്നാളിലേക്കു നാം അടുത്തുവരുകയാണല്ലോ. ആ പരിശുദ്ധന്റെ മദ്ധ്യസ്ഥതയാൽ ലഭ്യമാകുന്ന പരിമളം നമുക്കും സമൂഹത്തിനും അനുഗ്രഹത്തിന് മുഖാന്തരമായി തീരട്ടെ.

എസ്ര 10:4ൽ നമ്മെ ഓർമ്മിപ്പിക്കുന്നു. ''എഴുന്നേൽക്ക ഇതു നീ നിർവഹിക്കേണ്ടുന്ന കാര്യം ആകുന്നു. ഞങ്ങൾ നിനക്കു തുണയായിരിക്കും ധൈര്യപ്പെട്ടു പ്രവർത്തിക്കുക'' അഭിവന്ദ്യ തിമോത്തിയോസ് തിരുമേനിയുടെ ദീർഘവീക്ഷണവും, നേതൃത്വവും, മെത്രാസന കൗൺസിലിന്റെ ഉൽസാഹവും, വൈദിക അവൈദിക സമൂഹത്തിന്റെ ദൃഢനിശ്ചയവും ഉണ്ടെങ്കിൽ ഈ കാര്യങ്ങൾ ദൈവം സാധ്യമാക്കി തരും.

ഈ സ്വപ്നം യാഥാർത്ഥ്യമാക്കാൻ പ്രാർത്ഥിക്കാം, പ്രയത്നിക്കാം, പ്രവർത്തിക്കാം, പ്രത്യാശിക്കാം.

ദൈവം അനുഗ്രഹിക്കട്ടെ.



വേദപുസ്തകപരമായും, സഭയുടെ വിശ്വാസപരമായും ഉള്ള ലേഖനങ്ങൾ, കവിതകൾ, ആനുകാലികമായ വിഷയങ്ങൾ എന്നിവ തയ്യാറാക്കി പ്രസിദ്ധീകരണത്തിനായി നൽകുന്നവർ
എല്ലാമാസവും 10-ാം തീയതിക്കു മുമ്പായി ചീഫ് എഡിറ്ററുടെ ഇ-മെയിൽ/വാട്ട്സ്ആപ്പിൽ അയച്ചു തരേണ്ടതാണ്.
ക്വിസിന്റെ ഉത്തരങ്ങളും ചീഫ് എഡിറ്ററുടെ പേരിൽ അയച്ചു തരേണ്ടതാണ്.

# ആർച്ചുബിഷപ്പ് സെറാഫിം ജപ്പാനിലെ ഓർത്തഡോക്സ് സഭാതലവൻ



ആർച്ചു ബിഷപ്പ് സെറാഫിം ജപ്പാനിലെ ഓർത്തഡോക്സ് സഭയുടെ തലവനായി തെരഞ്ഞെടുക്കപ്പെട്ടു. സെപ്റ്റംബർ 28-ന് സഭാ കൗൺസിലിന്റെ പ്രത്യേക യോഗമാണ് തെരഞ്ഞെടുപ്പ് നടത്തിയത്. ഓഗസ്റ്റ് 10 ന് കാലം ചെയ്ത ദാനിയേൽ മെത്രാപ്പോലീത്താ(85)യുടെ പിൻഗാമിയാണ്.


സഭയുടെ ഇടക്കാല ഭരണം നിർവഹിച്ചു വരികയായിരുന്നു ആർച്ചുബിഷപ്പ് സെറാഫിം (72). 2000 ൽ ബിഷപ്പും 2012ൽ ആർച്ചുബിഷപ്പുമായി. (മെത്രാപ്പോലീത്തൻ സ്ഥാനാരോഹണം വൈകാതെ നടക്കും.

ഒരു സന്യാസി വൈദികനായ നിക്കോളാസ് കസാട്കിൻ 1861ൽ ടോക്യോയിലെ റഷ്യൻ കോൺസുലേറ്റിൽ ചാപ്ലെനായി എത്തിയതോടെയാണ് സഭയ്ക്ക് ആരംഭം കുറിച്ചത്. റഷ്യൻ ഓർത്തഡോക്സ് സഭ അദ്ദേഹത്തിന്റെ മിഷൻ പ്രവർത്തനങ്ങൾക്ക് 1870ൽ ഔദ്യോഗിക അംഗീകാരം നൽകിയതോടെ സഭ വളർന്നു. ഈ സഭയെ രാഷ്ട്രീയ കാരണങ്ങളാൽ 1945-1970 കാലത്ത് അമേരിക്കയിലെ ഓർത്തഡോക്സ് മെത്രാപ്പോലീത്തായുടെ കീഴിലാക്കി. റഷ്യൻ സഭ 1970ൽ അമേരിക്കയിലെ സഭയ്ക്ക് സ്വയംശീർഷകത്വവും ജപ്പാനിലെ സഭയ്ക്ക് ഉൾഭരണസ്വാതന്ത്ര്യവും നൽകി. പിന്നീട് ബിഷപ്പായി തീർന്ന (1880 1912) നിക്കോളാസ് കസാട്കിനെ 1970ൽ വിശുദ്ധനായി പ്രഖ്യാപിച്ചു.

സഭാതലവന്റെ തെരഞ്ഞെടുപ്പ് മോസ്കോ പാത്രിയർക്കേറ്റ് അംഗീകരിക്കണമെങ്കിലും ബിഷപ്പുമാരെ സ്വന്തമായി തെരഞ്ഞെടുത്ത് വാഴിക്കാം. കോൺസ്റ്റാൻറീനോപ്പിൾ ഉൾപ്പെടെ മറ്റ് ഓർത്തഡോക്സ് സഭകൾ ജപ്പാൻ സഭയുടെ സ്വയംഭരണാവകാശം അംഗീകരിക്കുന്നില്ല. ബൈസൻന്റയിൻ ഓർത്തഡോക്സ് സഭാ കുടുംബത്തിൽ പെടുന്ന ഈ സഭയിലെ അംഗങ്ങളായി ഇപ്പോൾ 10,000 വിശ്വാസികളാണുള്ളത്.

'ആർച്ചുബിഷപ്പ് ഓഫ് ടോക്യോ & ജപ്പാൻ' എന്നാണ് സഭാതലവൻ ആദ്യം (1907-1970) അറിയപ്പെട്ടിരുന്നത്. സഭ ഓട്ടോണമസ് ആയ (1970) ശേഷം 'മെത്രാപ്പോലീത്തൻ ഓഫ് ടോക്യോ & ഓൾ ജപ്പാൻ' എന്നറിയപ്പെടുന്നു. വ്ളാഡിമിർ ആണ് അവസാനത്തെ ആർച്ചുബിഷപ്പും (1964-1970) ആദ്യത്തെ മെത്രാപ്പോലീത്തായും (1970-1972). തിയഡോഷ്യസ് (1972-1999), പീറ്റർ (2000), ദാനിയേൽ (2000-2023) എന്നിവരാണ് പിൻഗാമികൾ.

വി.ജെ.ടി.



## പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം

പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹയർ സെക്കൻഡറി സ്കൂളിന്റെ 75 - ാമത് വാർഷിക ആഘോഷങ്ങളുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട കേരള ഗവർണർ **ശ്രീ. ആരിഫ് മുഹമ്മദ് ഖാനും, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായും** ചേർന്ന് നിർവഹിച്ചു. സ്കൂൾ മാനേജർ ഡോ. ഗബ്രീയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത, കൊടിക്കുന്നിൽ സുരേഷ് എം.പി., പ്രിൻസിപ്പൽ പ്രിയ ജേക്കബ്, ഹെഡ്മാസ്റ്റർ എബി അലക്സാണ്ടർ, പി.ടി.എ. പ്രസിഡന്റ് പി.ഇ. വർക്കി എന്നിവർ പ്രസംഗിച്ചു.

' ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും'. (വി: യോഹന്നാൻ 11:25)

# പാവനസ്മരണയ്ക്ക്



# കെ. വി തോമസ് - 74 (ബാബു)

## കളീയ്ക്കൽ,പേരിശ്ശേരി

(ആല ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ,പേരിശ്ശരി വലിയ പള്ളി സെക്രട്ടറി, പഴയ സുറിയാനി പള്ളി സെക്രട്ടറി, പ്രാർത്ഥനയോഗം സെക്രട്ടറി, ഇടവക കമ്മിറ്റി മെമ്പർ, പഴയ സുറിയാനി പള്ളി കമ്മിറ്റി മെമ്പർ, ആല എം.ജി.എം സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ, ചെങ്ങന്നൂർ ഭദ്രാസന പ്രതിനിധി, മലങ്കര അസോസിയേഷൻ മെമ്പർ, ഭദ്രാസന പ്രാർത്ഥനയോഗം സെക്രട്ടറി,OVBS അദ്ധ്യാപകൻ, എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.)

*പ്രാർത്ഥനയോടെ...*

| | | |
|---|---|---|
| കുടുംബാംഗങ്ങൾ | ഭാര്യ | : എ. കെ ശോശാമ്മ |
| | മക്കൾ | : തോമസ് വർഗീസ്, ഉമ്മൻ തോമസ്, അനു തോമസ് |
| | മരുമക്കൾ | : സുമ സൂസൻ ജോയി, റിൻസി സാറാ ചെറിയാൻ , ജോർജ്ജ് ശാമുവേൽ |
| | കൊച്ചുമക്കൾ | : യോഹാൻ, റയാൻ, നോറ, ദിയ, ഡിയോൻ |
| | സഹോദരപുത്രൻ | : ഫാ. കെ.എം.വർഗീസ്, കളീക്കൽ<br>(വികാരി, പത്തിച്ചിറ സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളി) |




Printed & Published by Diocesan Secretary | Owned by Diocese of Chengannur. PB No. 38, Bethel Aramana
Chief Editor Fr. Mathew Varghese Pulimoottil | Printed at Tara Offset, Chengannur. 0479 2452566